
# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 10 Issue - 6 August 2021



## അടിമയും ഉടമയും

പേജ് 13

വില 20 രൂപ

Editorial

# നാം പൈതൃകമുള്ളവരോ?

നമ്മുടെ മക്കൾക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ സമ്പത്ത് എന്താണ്? നമ്മുടെ ജീവിത മാതൃക തന്നെയല്ലേ? ആ ചിന്ത ഗൗരവമായി നമ്മെ ഭരിക്കുന്നുണ്ടോ എന്ന് ആത്മ പരിശോധന ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങൾക്ക് മാതൃക കാട്ടേണ്ട പലരും തമ്മിലടിച്ച് അമാതൃകയ്ക്കും അപമാനത്തിനും കാരണമാകുന്നു എന്നത് എത്ര ദു:ഖകരമാണ്. നമ്മുടെ സംസാരം ശ്രദ്ധിക്കുകയും ജീവിതം അടുത്ത് കണ്ടറിയുകയും ചെയ്യുന്ന നമ്മുടെ മക്കൾ നമ്മുടെ ആത്മീയതയെ വിലമതിക്കുമോ? ശരിയായ ആത്മീയത അഥവാ യേശുവിനെ അനുഗമിക്കുന്നത് എങ്ങനെയെന്ന് അവർക്ക് മനസ്സിലാക്കുവാൻ നമ്മുടെ ജീവിതം ഉപകരിക്കുന്നുണ്ടോ?

തലമുറയ്ക്ക് വിശ്വാസം പകർന്നു നൽകുന്നതിൽ, ഒരു നല്ല മാർഗദർശിയായി തലമുറകളെ നേർപാതയിൽ പരിശീലിപ്പിച്ചു വാർത്തെടുക്കുവാൻ നമുക്ക് ഓരോരുത്തർക്കും ഉത്തരവാദിത്വവും നിയോഗവും ഉണ്ട്. ഈ പ്രമേയത്തിൽ ഊന്നിയുള്ളതാണ് ഈ ലക്കത്തിലെ സന്ദേശം. നമ്മുടെ മക്കൾ വിശ്വാസത്തിൽ വളരണമെങ്കിൽ നമ്മിൽ അവർ വിശ്വാസം കണ്ടു വളരണം. കുടുംബമാണ് ഏറ്റവും നല്ല പാഠശാല. നമ്മുടെ സ്വഭാവരൂപീകരണവും ആത്മീയമൂല്യങ്ങളുടെ സ്വാധീനവും കുടുംബാന്തരീക്ഷത്തിൽ ആണ് സംഭവിക്കുന്നത്. മാതാപിതാക്കളുടെ ഏറ്റവും വലിയ ഉത്തരവാദിത്വം മക്കളെ കർത്താവിന്റെ പത്ഥ്യോപദേശത്തിലും ബാലശിക്ഷയിലും വളർത്തുന്നതാണ്. ദാതാവായ കർത്താവിന് അവർ പ്രയോജനം ഉള്ളവർ ആകുന്നില്ല എങ്കിൽ അവർ ഉപകരിക്കപ്പെടാത്ത, മൂല്യം നഷ്ടപ്പെട്ട, വ്യക്തികളായിത്തീരുകയാണ് എന്ന പരമാർത്ഥം നാം വിസ്മരിച്ചുകൂടാ. ഈ യാഥാർത്ഥ്യങ്ങളെ കണ്ടുണരുവാൻ ഈ ലക്കത്തിലെ സന്ദേശം നമുക്ക് വഴികാട്ടിയായി പ്രയോജനപ്പെടട്ടെ.

ദൈവീക പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് ആരാധനക്കാരനെ ചൂഷണം ചെയ്യുന്ന യഹൂദന്റെ വാണിജ്യതന്ത്രങ്ങളെ താരതമ്യം ചെയ്തുകൊണ്ട് ഇന്ന് ദൈവസഭയിൽ നടക്കുന്ന അത്തരം ചെയ്തികളെ തുറന്നുകാട്ടുന്നതാണ് സാജുവിന്റെ ലേഖനം. ആരും സഹായിക്കാനില്ലാതിരുന്ന പശ്ചാത്തലത്തിൽ, ഹാഗാറിന് മാർഗദർശനം നൽകുന്ന ദൈവമായുള്ള കൂടിക്കാഴ്ച, അവളുടെ ജീവിതത്തിന്റെ വഴിത്തിരിവായതുപോലെ നമുക്കും മാർഗദർശനം നൽകുന്ന, ദൈവീക കൂടിക്കാഴ്ചയ്ക്കു പ്രേരണയും പ്രചോദനവും ആണ് ബാബുചെറിയാന്റെ ലേഖനം. ദൈവം തീയും മഴയും ഒരേദിവസം തന്നെ അയച്ച് മറുപടി നൽകിയിട്ടും, ജീവിതത്തിൽ പ്രയോജനപ്പെടുത്താത്ത യിസ്രായേല്യരുടെ ഭോഷത്വം ഫ്രാങ്കിപെൻ വിവരിക്കുന്നു. യഥാർത്ഥ ആത്മികതയെ പൊതുവിലും, ശുശ്രൂഷകളെ പ്രത്യേകമായും പ്രതിപാദിക്കുന്നു, ഡേവിഡ് വിൽക്കേഴ്സന്റെ ലേഖനം.

വളരെ പ്രയോജനകരവും ആത്മികവർധനയ്ക്കുതകുന്നതും ആണ് തുടർന്നുള്ള ഓരോ ലേഖനങ്ങളും. പഠനബുദ്ധിയോടെ ഓരോന്നും അപഗ്രഥിച്ചു പ്രബുദ്ധരാകുവാൻ ഓരോ വായനക്കാരെയും ദൈവം സഹായിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ ലക്കം മാസിക മാന്യവായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 10 ലക്കം 6
ആഗസ്റ്റ് 2021

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Edited by P.V Varghese, Printed and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.

Annual Subscription `200.00

**വിശ്വാസത്തിന്റെ കൈമാറ്റം** 4
ജോയ് എം. തോമസ്

**സഭയെ വാണിഭശാലയാക്കരുത്** 7
സാജു മാത്യു

**കൂടിക്കാഴ്ച** 9
ബാബു ചെറിയാൻ

**ദൈവം തീയും മഴയും അയച്ചിട്ടും...** 11
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

**അടിമയും ഉടമയും** 13
പി.വി. വർഗീസ്

**പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം** 15
ചെയ്സ് ജോസഫ്

**ഓൺലൈൻ ഗെയിം എന്ന മാരക വിപത്ത്** 16
ഡോ. സജികുമാർ കെ. പി.

**സ്വയം ശൂന്യനാക്കുന്ന ആത്മികത** 18
ഡേവിഡ് വിൽക്കേഴ്സൺ

**ചില ഓർമ്മപ്പെടുത്തലുകൾ** 20
ഇസബെല്ല ഡേവിസ്

**വനിതാ വീഥി** 22
ജെസ്സി സാജു

**വേദ അധ്യയനം** 24
ജോയ് എം. തോമസ്

**യഥാർത്ഥ സ്വാതന്ത്ര്യം** 31
എംസി



ജോയ് എം. തോമസ്

# വിശ്വാസത്തിൻെറ കൈമാറ്റം

മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ എന്ന നമ്മുടെ കർത്താവിന്റെ ചോദ്യത്തെ (ലൂക്കോസ് 18: 8) നമ്മിലെത്ര പേർ ഗൗരവമായി കാണുന്നു? കർത്താവിന്റെ മടങ്ങി വരവിന് മുമ്പ് വിശ്വാസത്യാഗം സംഭവിക്കുമെന്ന് അപ്പോസ്തലന്മാരിൽ ക്കൂടി പരിശുദ്ധാത്മാവ് നമുക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. (2 തെസ്സലോനിക്യർ 2:3). അതിനാൽ വിശ്വാസത്യാഗത്തിന്റെ കുത്തൊഴുക്കിൽ നാം പെട്ടുപോകാതിരിക്കുവാൻ അതീവ ജാഗ്രത ആവശ്യമാണ്. മാത്രവുമല്ല നമ്മുടെ തലമുറകളെ സംരക്ഷിക്കേണ്ടതും നമ്മുടെ അതിപ്രധാന ഉത്തരവാദിത്വമാണ്.

**വിശ്വാസ ത്യാഗത്തിന്റെ കുത്തൊഴുക്കിൽ നാം പെട്ടുപോകാതിരിക്കുവാൻ അതീവ ജാഗ്രത ആവശ്യമാണ്. മാത്രവുമല്ല നമ്മുടെ തലമുറകളെ സംരക്ഷിക്കേണ്ടതും നമ്മുടെ അതിപ്രധാന ഉത്തരവാദിത്വമാണ്.**

തലമുറകളിലേക്ക് വിശ്വാസത്തിന്റെ കൈമാറ്റം നടക്കണം. അപ്പോസ്തലനായ പൗലോസ് തിമൊഥെയൊസിന്റെ വിശ്വാസത്തെ 'നിർവ്യാജ വിശ്വാസമെന്ന്' വിശേഷിപ്പിച്ചിരിക്കുന്നു, അനേകരുടെ വിശ്വാസം വ്യാജം ആകുന്നതാണ് വിശ്വാസത്യാഗത്തിന്റെ പ്രധാനകാരണങ്ങളിലൊന്ന്. അവനവന്റേത് വ്യാജ വിശ്വാസമാണെന്ന് ആരും ഒരിക്കലും അംഗീകരിക്കുകയില്ലല്ലോ. ദുരുപദേശങ്ങൾക്ക് ലഭിക്കുന്ന പ്രചാരണവും അംഗീകാരവും വ്യാജ വിശ്വാസത്തിന്റെ വളർച്ചയ്ക്ക് പ്രധാനപ്പെട്ട മറ്റൊരു കാരണമാണ്. അതുകൊണ്ട് എന്തു വിശ്വസിക്കുന്നു എന്നത് നാം നന്നായി ശോധന ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

സത്യമായത് വിശ്വസിക്കണം. ആ വിശ്വാസം ആത്മാർത്ഥതയുള്ളതും ആയിരിക്കണം. പലർക്കും സത്യം എന്തെന്ന് അറിയാം എങ്കിലും സത്യത്തിൽ ഉറച്ചു നിൽക്കാതെ പലതിനോടും വിട്ടുവീഴ്ച ചെയ്തു പോകുന്ന പ്രകൃതമാണ്, അത് പാടില്ല. ദൈവത്തോടു നാം വിശ്വസ്തരായിരിക്കണം. അതുകൊണ്ടാണ് പൗലോസ് 'വിശ്വാസത്തിന്റെ നല്ല പോർ പൊരുതു' എന്ന് പറഞ്ഞിരിക്കുന്നത്. അപ്പോൾ നമ്മുടെ ജീവിതം സഹ വിശ്വാസികൾക്ക് പ്രചോദനവും മാതൃകയുമായി തീരുകയാണ്. വിശ്വാസത്തിൽ നിലനിൽക്കുന്നതിന് കൊടുക്കേണ്ടിവരുന്ന വില നിത്യതയിൽ വലിയ ലാഭം ആയിരിക്കും. മാത്രവുമല്ല നമ്മുടെ മക്കളിലേക്കും ആ

വിശ്വാസം പകരപ്പെടും. കൂടെ വളരുന്ന മക്കൾ മാതാപിതാക്കളെ വിശ്വാസത്തിൽ തീക്ഷ്ണത ഉള്ളവരും സത്യസന്ധരുമായി കണ്ടാൽ, അവരുടെ വിശ്വാസം ശരിയായിട്ടുള്ളത് ആണെന്ന ബോധ്യം ലഭിക്കും.അങ്ങനെയാണ് വിശ്വാസം തലമുറകളിലേക്ക് പകരേണ്ടത്.

തിമൊഥെയൊസിൽ നിർവ്യാജവിശ്വാസം അഥവാ/യഥാർത്ഥമായ, കലർപ്പില്ലാത്ത (Genuine) വിശ്വാസം ഉണ്ടായതിന്റെ പിന്നിൽ രണ്ട് മാതാക്കൾ ആയിരുന്നു എന്നാണ് പൗലോസ് സാക്ഷ്യപ്പെടുത്തുന്നത്. ആ വാക്യങ്ങൾ ഇവിടെ ഉദ്ധരിക്കുന്നു. 'ഞാൻ പൂർവന്മാരുടെ ദൃഷ്ടാന്തം അനുസരിച്ച് നിർമലമനസാക്ഷിയോടെ ആരാധിക്കുന്ന ദൈവത്തിന് നിന്റെ നിർവ്യാജവിശ്വാസത്തിന്റെ ഓർമ്മ നിമിത്തം സ്തോത്രം ചെയ്യുന്നു. ആ വിശ്വാസം ആദ്യം നിന്റെ വലിയമ്മ ലോവീസിലും അമ്മ യൂനിക്കയിലും ഉണ്ടായിരുന്നു; നിന്നിലും ഉണ്ടെന്ന് ഞാൻ ഉറച്ചിരിക്കുന്നു, (2 തിമൊഥെയൊസ് 1: 4, 5)

പൗലോസിന്റെ ഈ പ്രസ്താവന എത്രയോ അർത്ഥവത്താണ്. തിമൊഥെയൊസിന്റെ വലിയമ്മ ലോവീസ് നിർവ്യാജ വിശ്വാസം കാത്തുസൂക്ഷിച്ച ഒരു മഹതിയായിരുന്നു. ആ ധീര വനിതയുടെ വിശ്വാസം മകൾ യൂനീക്കയ്ക്ക് അനുകരണീയം ആയിരുന്നു. തിമൊഥെയൊസിന്റെ പിതാവ് ഒരു യവനനായിരുന്നു (അപ്പോസ്തല പ്രവർത്തി 16:3). അതിനാൽ തിമോഥെയൊസ് പരിച്ഛേദന ഏറ്റ്, യഹൂദൻ ആയിത്തീർന്ന വ്യക്തിയായിരുന്നില്ല. എന്നാൽ മാതാവിനൊപ്പവും, തന്റെ വലിയമ്മ ലോവീസിനൊപ്പവും താൻ വളർന്നു വന്നപ്പോൾ അവരുടെ നിർവ്യാജ വിശ്വാസം തന്നിലേക്ക് പകരപ്പെട്ടു.

പൗലോസിന്റെ ഒന്നാം മിഷനറി യാത്രയിലാണ് ലുസ്ത്രയിൽ സുവിശേഷം പ്രസംഗിക്കുന്നത്. ആ അവസരത്തിൽ ആയിരിക്കണം ലോവീസും മകൾ യൂനീക്കയും ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്നത്. യഹൂദ വിശ്വാസത്തിൽ നിന്നും ക്രിസ്തീയ വിശ്വാസത്തിൽ വന്ന ഇവർ തങ്ങളുടെ വിശ്വാസത്തിൽ ആത്മാർത്ഥതയും തീക്ഷ്ണതയും ഉള്ളവരായിരുന്നു. തിമോഥെയൊസിന് ഇവർ ഇരുവരും പ്രചോദനവും മാതൃകയും ആയിരുന്നു. തീഷ്ണതയോടും ആത്മാർത്ഥതയോടും കർത്താവിനെ അനുഗമിക്കുന്നതിന് അവർ തിമോഥെയൊസിനു ഒരു പ്രോത്സാഹനം ആയിരുന്നു. രണ്ടാമത്തെ മിഷനറി യാത്രയിൽ ലുസ്ത്രയിലെത്തിയ പൗലോസ് തിമൊഥെയൊസിൽ ആകൃഷ്ടനായി. അതിന് കാരണം തിമൊഥെയൊസിന്റെ നിർവ്യാജ വിശ്വാസം തന്നെ ആയിരുന്നു.

അവൻ ദർബയിലും ലുസ്ത്രയിലും ചെന്നു. അവിടെ വിശ്വാസമുള്ള ഒരു ഒരു യഹൂദ സ്ത്രീയുടെ മകനായി തിമൊഥെയൊസ് എന്ന് പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അവൻ ലുസ്ത്രയിലും ഇക്കോന്യയിലും ഉള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവനായിരുന്നു (അപ്പോ. പ്രവർത്തികൾ 16: 1,2 ) ലോവീസും യൂനീക്കയും ഇന്നും നമുക്കു ഒരു മാതൃക ആയിരിക്കട്ടെ. വളരെ പ്രതികൂലങ്ങൾ ഉണ്ടായിരുന്ന സാഹചര്യത്തിൽ ആണല്ലോ അവർ ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചതും; ആ വിശ്വാസത്തിൽ നിലനിന്നതും. വിശ്വാസത്തിൽ നിലനിന്ന് അനേകം കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടത് ആണെന്നുള്ള ബുദ്ധി ഉപദേശവും പ്രോത്സാഹനവും ആണല്ലോ പൗലോസും കൂട്ടുപ്രവർത്തകരും അവർക്കു നൽകിയത്. 'അവർ ലുസ്ത്ര, ഇക്കോന്യ, അന്ത്യോഖ്യ എന്നീ പട്ടണങ്ങളിലേക്ക് മടങ്ങിച്ചെന്ന് വിശ്വാസത്തിൽ നിലനിൽക്കണമെന്നും നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടത് ആകുന്നു എന്നും പ്രബോധിപ്പിച്ചു ശിഷ്യന്മാരുടെ മനസ്സുറപ്പിച്ച് പോന്നു' (അപ്പോ. പ്രവർത്തികൾ 14: 21, 22).

പൗലോസിനു ഈ കുടുംബത്തെ അടുത്തറിയുവാൻ കഴിഞ്ഞപ്പോൾ തനിക്ക് ഏറ്റവും ശ്രദ്ധേയമായത് അവരുടെ നിർവ്യാജ വിശ്വാസമായിരുന്നു. തിമൊഥെയൊസിനെ ശ്രദ്ധിച്ചപ്പോഴും ഈ നിർവ്യാജ വിശ്വാസം പൗലോസ് കണ്ടു . അതുകൊണ്ട് തിമൊഥെയൊസിനെ തനിക്ക് സഹപ്രവർത്തകനായി ലഭിക്കുവാൻ പൗലോസ് ആഗ്രഹിച്ചു. തിമൊഥെയൊസ് തന്റെ സഹപ്രവർത്തകനായി തീർന്നപ്പോൾ, മറ്റ് എല്ലാ സഹപ്രവർത്തകരേക്കാളും അധികം തനിക്കു ബോധിച്ച വ്യക്തിയായി പൗലോസ് കണ്ടത് ഇദ്ദേഹത്തെയാണ്. ആ കാര്യം ഫിലിപ്പിയർക്കെഴുതിയ പൗലോസിന്റെ കത്തിൽ നിന്നും നമുക്ക് മനസ്സിലാകുന്ന യാഥാർത്ഥ്യമാണ്. തുല്യചിത്തനായി എനിക്ക് മറ്റാരുമില്ല (ഫിലിപ്പിയർ 2 :20) എന്നാണ് പൗലോസ് എഴുതിയത്. ഇപ്രകാരം വിശ്വാസത്തിലും സമർപ്പണത്തിലും ദൈവസ്നേഹത്തിലും മുന്നിട്ടു നിന്ന, തിമൊഥെയൊസിന്റെ വളർച്ചയ്ക്ക് പിന്നിൽ

പൗലോസ് ശ്രദ്ധിച്ച രണ്ട് ശ്രേഷ്ഠ വ്യക്തികളാണ് ലോവീസും യൂനീക്കയും. നാം ചിന്തിച്ചു വരുന്നത് വിശ്വാസം തലമുറകളിലേക്ക് കൈമാറുന്നതിനെക്കുറിച്ചാണ്. അത് നാം തലയിൽ കൈവെച്ചു അനുഗ്രഹിച്ചതു കൊണ്ട് ഉണ്ടാവുകയില്ല. മറിച്ചു നമ്മിൽ കലർപ്പില്ലാത്ത യഥാർത്ഥ വിശ്വാസം (Genuine faith) നമ്മുടെ മക്കൾ കാണണം.

ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തിന്റെ മാറ്റ് അവർ അറിയുമ്പോൾ അവർക്കതു അഭിമാനം ആയിരിക്കും. നമ്മിലൂടെ അവർ ദൈവത്തെ കൂടുതലറിയുവാൻ ഇടവരുന്നതുകൊണ്ട് അവരുടെ വിശ്വാസം ഉറപ്പുള്ളതായിത്തീരുന്നു. ദൈവവചനം അവരുമായി അവസരോചിതമായി നാം പങ്കിട്ടു കൊണ്ടിരിക്കുമ്പോൾ വിശ്വാസപരമായ ഉപദേശങ്ങൾ ഏതു ശരി, ഏതു തെറ്റ് എന്നത് അവർ മനസ്സിലാക്കി ഉറയ്ക്കുവാൻ ഇടയാകും.

സങ്കീർത്തനത്തിൽ ആസാഫ് കുറിച്ചിരിക്കുന്ന ചില വരികളിലേക്ക് ഇതിനോടനുബന്ധിച്ച് ശ്രദ്ധിച്ചു നോക്കാം. 'നാം അവയെ കേട്ട് അറിഞ്ഞിരിക്കുന്നു, നമ്മുടെ പിതാക്കന്മാർ നമ്മോടു പറഞ്ഞിരിക്കുന്നു, നാം അവരുടെ മക്കളോട് അവയെ മറച്ചുവയ്ക്കാതെ വരുവാനുള്ള തലമുറയോട് യഹോവയുടെ സ്തുതിയും ബലവും അവൻ ചെയ്ത അത്ഭുതപ്രവൃത്തികളും വിവരിച്ചു പറയും' (സങ്കീർത്തനങ്ങൾ 78:3,4 ).

പിതാക്കന്മാർ മക്കളോടും, മക്കൾ അവരുടെ മക്കളോടും കർത്താവിന്റെ സ്തുതിയും ബലവും കർത്താവ് ചെയ്ത അത്ഭുതപ്രവർത്തികളും വിവരിച്ചു പറയണം. ഇതാണ് വിശ്വാസം തലമുറകളിലേക്ക് കൈമാറാനുള്ള ഉപാധി. ഇത് ദൈവം തന്റെ ജനമായ ഇസ്രായേലിനു നൽകിയ കൽപ്പന ആയിരുന്നു എന്ന് തുടർന്ന് ആസാഫ് അനുസ്മരിപ്പിക്കുന്നു.

'അവൻ യാക്കോബിൽ ഒരു സാക്ഷ്യം സ്ഥാപിച്ചു, ഇസ്രായേലിൽ ഒരു ന്യായപ്രമാണം നിയമിച്ചു; നമ്മുടെ പിതാക്കന്മാരോടു അവയെ തങ്ങളുടെ മക്കളെ അറിയിക്കുവാൻ കൽപ്പിച്ചു. വരുവാനുള്ള തലമുറ, ജനിക്കാനിരിക്കുന്ന മക്കൾ തന്നെ, അവർ ഗ്രഹിച്ചു എഴുന്നേറ്റ് തങ്ങളുടെ മക്കളോട് അറിയിക്കുകയും, അവർ തങ്ങളുടെ ആശ്രയം ദൈവത്തിൽ വയ്ക്കുകയും ദൈവത്തിന്റെ പ്രവർത്തികളെ മറന്ന് കളയാതെ അവന്റെ കല്പനകളെ പ്രമാണിച്ച് നടക്കുകയും ചെയ്യേണ്ടതിനു തന്നെ' (സങ്കീ. 78: 5-7)

നമുക്ക് നമ്മെ തന്നെ ശോധന ചെയ്യുവാൻ കഴിയട്ടെ. നമ്മുടെ മക്കളിലേക്ക് നിർവ്യാജ വിശ്വാസത്തെ പകർന്നു കൊടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ? എവിടെയാണ് തെറ്റു പറ്റിയത്? ആ തെറ്റുതിരുത്താൻ വൈകി എന്ന് തോന്നുന്നുവോ? ഇപ്പോൾത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും വിശ്വാസത്തിൽ യഥാസ്ഥാനപ്പെടുകയും ചെയ്യുക.

വിശ്വാസ ത്യാഗത്തിന്റെ കുത്തൊഴുക്കിൽ നാമും നമ്മുടെ തലമുറകളും പെട്ടുപോകരുത്; വിശ്വാസത്തിന്റെ നല്ല പോർ പൊരുതുവാൻ നമുക്ക് ദൈവസന്നിധിയിൽ സമർപ്പിക്കാം. മനുഷ്യപുത്രൻ വരുമ്പോൾ നാം വിശ്വസ്തരായി തന്റെ മുമ്പിൽ നിൽക്കുവാൻ പ്രാപ്തരായിരിക്കട്ടെ. ●

## വിശ്വാസത്യാഗം വരുന്ന വഴി

ഇക്കാലയളവിൽ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന നാശോന്മുഖമായ പല വിമർശനങ്ങളും അനേകരുടെ വിശ്വാസത്തെ ചോർത്തിക്കളയുന്നതാണ്. ഇടയന്മാർ തമ്മിലുള്ള പോർവിളികളിലും, സഭകൾ തമ്മിലുള്ള അനാരോഗ്യപരമായ മത്സരങ്ങളിലും പരസ്യമായ വിഴുപ്പലക്കലുകളിലും ആത്മീകമല്ലാത്ത ഭാഷാപ്രയോഗങ്ങളിലും, അത് കേൾക്കുന്നവരിൽ വിശ്വാസം ചോർത്തിക്കളയുന്ന കൊടിയ വിഷമുണ്ട്. ഇത്തരത്തിലുള്ള ദുർമാതൃകകളും ജീവിതശൈലികളും അനേകരെ വിശ്വാസം ത്യജിച്ചു ലൗകീകരായി മാറ്റുവാൻ പിശാച് ഉപയോഗിക്കുന്ന മാരകായുധങ്ങളാണ്. യേശുകർത്താവ് പത്രോസിനോട് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക, സാത്താൻ നിന്നെ കോതമ്പു പോലെ പാറ്റേണ്ടതിനു കൽപ്പന ചോദിച്ചു, എങ്കിലും നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്ക് വേണ്ടി പ്രാർത്ഥിച്ചു (ലൂക്കോസ് 22:31,32). മോഷ്ടിക്കുവാനും, അറുക്കുവാനും, മുടിക്കുവാനും വരുന്ന കള്ളനായ പിശാച് നമ്മിൽ നിന്നും മോഷ്ടിക്കുന്നത് നമ്മിലെ വിലയേറിയ വിശ്വാസവും സ്നേഹവും മറ്റു ദിവ്യസ്വഭാവങ്ങളുമാണ്. ആകയാൽ സമൂഹ മാധ്യമങ്ങളിലൂടെ കാണുകയും കേൾക്കുകയും ചെയ്യുന്ന മേല്പറഞ്ഞ വിധമുള്ള കാര്യങ്ങൾ, സാത്താന്റെ കയ്യിലെ മാരകായുധങ്ങളാണ് എന്നത് മനസിലാക്കി ജാഗ്രതയോടെ നാം ഒഴിവാക്കേണ്ടതുമാണ്. ●



സാജു മാത്യു

# സഭയെ വാണിഭശാലയാക്കരുത്

*''ഇതു ഇവിടെ നിന്നു കൊണ്ടുപോകുവിൻ... എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്കരുത്'' എന്നു പറഞ്ഞു (യോഹന്നാൻ 2:16).*

വിപ്ലവചിന്തകൾ മനസ്സിൽ നിറച്ചുവച്ചിരിക്കുന്നവർക്കും സൗമ്യത ബലഹീനതയായി കണക്കാക്കുന്നവർക്കും ന്യായം പറവാൻ കണ്ടിട്ടുള്ള വേദഭാഗമാണു യേശു ദൈവാലയത്തിൽ ചാട്ടവാറുപയോഗിച്ച് മൃഗങ്ങളെ പുറത്താക്കുന്ന സംഭവം! എന്നാൽ, യെരൂശലേം ദൈവാലയത്തിൽ അന്നു സംഭവിച്ചത് എന്താണ്?

ആദ്യ മൂന്നു സുവിശേഷങ്ങളിൽ (മത്തായി 21, മർക്കൊസ്11, ലൂക്കൊസ് 19), യേശുവിന്റെ ശുശ്രൂഷയുടെ അന്ത്യപാദത്തിൽ ഇതു നടക്കുന്നതായാണു ചിത്രീകരിച്ചിരിക്കുന്നത്. എന്നാൽ, യോഹന്നാനാകട്ടെ, പരസ്യ ശുശ്രൂഷയുടെ തുടക്കത്തിലെന്നപോലെ ഈ സംഭവം വിവരിക്കുന്നു. രണ്ടു പ്രാവശ്യം യേശു ദൈവാലയശുദ്ധീകരണം നടത്തിയോ? അറിയില്ല, എന്നാൽ, സംഭവങ്ങൾ കാലക്രമം അനുസരിച്ച് (chronological order) പറയുവാനല്ല യോഹന്നാന്റെ പരിശ്രമം. മശിഹയായി വന്ന യേശു കാര്യങ്ങളെ എങ്ങനെ രൂപാന്തരപ്പെടുത്തുന്നു എന്നു വിശദമാക്കാൻ സന്ദേശത്തിന്റെ ക്രമമനുസരിച്ച് കാര്യങ്ങളെ അടുക്കിപ്പെറുക്കുകയാണ് യോഹന്നാന്റെ പതിവ്. അതുകൊണ്ടു വീര്യമില്ലാത്ത യെഹൂദമതത്തെ, വീര്യമുള്ള പുതുവീഞ്ഞ് എന്നപോലുള്ള ആത്മാവിന്റെ ജീവിതം കൊണ്ടു മാറ്റിപ്പണിയാനാണു താൻ വന്നത് എന്ന മർമം, വെള്ളം വീഞ്ഞാക്കുന്ന അടയാളംകൊണ്ടു വെളിപ്പെടുത്തിയ ശേഷം, ഏതാണ്ട് അതേ സന്ദേശം ദൈവാലയ ശുദ്ധീകരണം എന്ന സംഭവത്തിലൂടെ യേശു കാണിച്ചു കൊടുക്കുന്നു എന്നാണു യോഹന്നാന്റെ ഭാഷ്യം!

'ദൈവാലയത്തിൽ കാള, ആട്, പ്രാവ് എന്നിവയെ വിൽക്കുന്നവരെയും അവിടെയിരിക്കുന്ന പൊൻവാണിഭക്കാരെയും കണ്ടിട്ട് യേശു കയറുകൊണ്ട് ഒരു ചമ്മട്ടിയുണ്ടാക്കി ആടുമാടുകളോടുകൂടെ എല്ലാവരെയും പുറത്താക്കി. പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞ് മേശകളെ മറിച്ചിട്ടു; പ്രാവുകളെ വിൽക്കുന്നവരോട്: ഇത് ഇവിടെനിന്നു കൊണ്ടുപോകുവിൻ; എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്കരുത് എന്നു പറഞ്ഞു" (യോഹന്നാൻ 2:14,15,16).

യേശു ദൈവാലയത്തിലേക്കു വരുന്നത് ഇത് ആദ്യമല്ല. ഒരു കൈക്കുഞ്ഞായിരിക്കെ, മാതാപിതാക്കൾ യേശുവിനെ 'കടിഞ്ഞൂൽ ശിശു'എന്ന നിലയിൽ കർത്താവിനു അർപ്പിക്കേണ്ടതിനു ദൈവാലയത്തിൽ കൊണ്ടുവന്നിരുന്നു (ലൂക്കൊസ് 2: 22-39). പിന്നീട് നാം യേശുവിനെ അവിടെ കാണുന്നത് 12-ാം വയസ്സിൽ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ മധ്യത്തിൽ ഇരിക്കുന്നവനായാണ് (ലൂക്കൊസ് 2: 42-50). അതിനുശേഷം ചാട്ടവാറുമായി നാം യേശുവിനെ ദൈവലയത്തിൽ കാണുന്നു. ഇതിനിടയിൽ യേശു ദൈവാലയം സന്ദർശിച്ചിരുന്നുവോ? തീർച്ചയായും യേശു ദൈവാലയം സന്ദർശിച്ചിരിക്കണം. ഒരുപക്ഷേ, എല്ലാ വർഷത്തെയും പെരുന്നാളിനു യേശു യെരൂശലേമിൽ എത്തിയിരിക്കണം; കാരണം, യിസ്രായേലിൽ ആണുങ്ങളൊക്കെ പെരുനാളിനു യെരൂശലേമിൽ എത്താൻ ദൈവം ആഹ്വാനം ചെയ്തിരിക്കുന്നു(പുറപ്പാട് 23:17).

"ഈ സ്ഥലം എനിക്കു യാഗത്തിനുള്ള ആല

യമായി തെരഞ്ഞെടുത്തിരിക്കുന്നു'' എന്നു യഹോവ ദൈവാലയത്തെപ്പറ്റി ശലോമോനോടു പറഞ്ഞിരുന്നു (2 ദിനവൃത്താന്തം 7:12). അതിനാൽ യെഹൂദന്മാർ അവരുടെ ആവാസ സ്ഥലങ്ങളിലൊക്കെ സിനഗോഗുകൾ ഉണ്ടാക്കിയെങ്കിലും അവർ യാഗമർപ്പിക്കുന്നത് യെരൂശലേം ദൈവാലയത്തിലാണ്. എന്നാൽ യെരൂശലേമിൽ നിന്നു വളരെ ദൂരത്തിൽ– ചിലപ്പോൾ അന്യരാജ്യത്തുതന്നെ താമസിക്കുന്ന യെഹൂദന്മാർ അവിടെ നിന്നു യാഗമൃഗവുമായി ദൈവാലയത്തിലെത്തുന്നതു പ്രായോഗികമല്ലല്ലോ. അതിനാൽ തങ്ങളുടെ യാഗവസ്തു സ്വന്തം നാട്ടിൽ വിറ്റ് പണവുമായി വന്നു യെരൂശലേമിൽനിന്നു യാഗമൃഗത്തെ വാങ്ങുകയായിരുന്നു പതിവ്(ആവർത്തനം 14:24 –26). അതാണ് ഈ സംഭവത്തിന്റെ പശ്ചാത്തലം! ദൈവാലയശുശ്രൂഷയ്ക്കുവേണ്ടി ഒരോ യെഹൂദനും അരശേക്കൽ വെള്ളിവീതം വീണ്ടെടുപ്പുവിലയായി കൊടുക്കണമെന്നു നിയമമുണ്ടായിരുന്നു (പുറപ്പാട് 30:11–16). ഇതിനായി ദൈവാലയ മുദ്രയുള്ള നാണയങ്ങളേ സ്വീകരിച്ചിരുന്നുള്ളൂ. പുറത്തുനിന്നെത്തുന്നവർക്കു അവരുടെ നാണയം മാറ്റി ദൈവാലയനാണയം കൊടുക്കാൻ "പൊൻവാണിഭക്കാർ" (money changers) ധാരാളമുണ്ടായിരുന്നു. എല്ലാം ലാഭമുള്ള കച്ചവടം തന്നെ. യാഗമൃഗങ്ങളെ വിൽക്കുന്നവരും പൊൻവാണിഭക്കാരും അവരുടെ കച്ചവടം നടത്തിയിരുന്നത് കാലങ്ങളായി ഒലിവുമലഞ്ചെരുവുകളിലെ കിദ്രോൻ തോട്ടിന്നരികെയായിരുന്നുവെന്നു ഡി. എ. കാഴ്സൺ പറയുന്നു. എന്നാൽ യേശുവിന്റെ പരസ്യശുശ്രൂഷാകാലത്തു അതു ദൈവാലയത്തിനുള്ളിലായി. അതു വിശുദ്ധ സ്ഥലത്തോ, അതിപരിശുദ്ധസ്ഥലത്തോ ആയിരിക്കണമെന്നില്ല. 'ജാതികളുടെ പ്രാകാര'മെന്ന് അറിയപ്പെട്ടിരുന്ന പുറംപ്രാകാരത്തി (outer courts) ലായിരുന്നിരിക്കണം ഈ കച്ചവടമൊക്കെ നടന്നത്!

കിദ്രോൻ തോട്ടിന്നരികെ നടന്ന കച്ചവടം എങ്ങനെ ദൈവാലയത്തിനുള്ളിൽ കയറി? ആരാധകരുടെ 'സൗകര്യാർഥം' എന്നു വേണമെങ്കിൽ ന്യായം പറയാം. എന്നാൽ കാരണം അതൊന്നുമല്ല, കച്ചവടക്കാർക്കു ദൈവാലയത്തിൽ ഇടംകൊടുത്താൽ അവർ 'സ്റ്റാളി'നു വാടക കൊടുക്കും; അതു പള്ളിക്കു വരുമാനം! പിന്നെ, കച്ചവടക്കാർ കൂടുമ്പോൾ മുഖ്യകട കിട്ടാൻ മഹാപുരോഹിതനു കൈക്കൂലി കിട്ടും... അതു മറ്റൊരു സന്തോഷം. പന്നെ, യാഗത്തിനു "ഊനമില്ലാത്ത" മൃഗങ്ങളെയും കുറുപ്രാവിനെയും മാത്രമേ അർപ്പിക്കാനാവൂ. അതു പരിശോധിക്കാൻ പുരോഹിതന്മാർ ഉണ്ട്. ആരാധകനു വേണമെങ്കിൽ സ്വന്തം വീട്ടിൽനിന്നു ആടിനെയോ കുറുപ്രാവിനെയോ കൊണ്ടുവരാം. എന്നാൽ പുരോഹിതന്റെ 'ഊനപരിശോധന'യിൽ അതു പാസായില്ലെങ്കിലോ? എന്നാൽ, ദൈവാലയത്തിൽനിന്നു കാളയെയോ, ആടിനെയോ വാങ്ങിയാൽ മുടന്തുള്ളതാണെങ്കിലും പരിശോധനയിൽ അതു " ഊനമില്ലാത്തതാ"യിക്കൊള്ളും. അത് കച്ചവടക്കാരനും പുരോഹിതനുമായുള്ള ഒരു 'അഡ്ജസ്റ്റുമെന്റ്'! അതുകൊണ്ട് സമയം കളയാനില്ലാത്ത ആരാധകൻ വെറുതെ ആടിനെ കൊണ്ടുവരാനൊന്നും മെനക്കെടാതെ "സൗകര്യപൂർവം" യാഗമൃഗത്തെ, അമിത വില കൊടുത്തും, ദൈവാലയത്തിൽ നിന്നു തന്നെ വാങ്ങുന്നു!

ആരാധകന്റെ സൗകര്യാർഥം ആരാധനയ്ക്കു മാറ്റംവരുത്തുന്ന ആധുനികരീതി അപകടമാണെന്നു നാം അറിയണം. നല്ല കെട്ടിടം നോക്കി, നല്ല സൗണ്ട് സിസ്റ്റം നോക്കി, കംപ്യൂട്ടർവൽകൃത ആരാധന കൂടാനാണ് ആളുകൾക്കു ഇന്നിഷ്ടം. എത്രയും കുറഞ്ഞ സമയംകൊണ്ടു തീരുന്ന ആരാധനയാണ് (ദൈവവചനപ്രഘോഷണമില്ലെങ്കിൽ കൂടുതൽ സന്തോഷം) മിക്കവർക്കും പ്രിയങ്കരമായ ആരാധന. പാട്ടുപാടാൻ വലിയ ടീം ഉണ്ടെങ്കിൽ വലിയ സന്തോഷം. അവരു പാടിക്കൊള്ളുമല്ലോ... നമുക്കു കേട്ടിരിക്കാം. കേൾക്കാനും കാണാനും തയ്യാർ...ഒന്നും ചെയ്യാനില്ലെങ്കിൽ വളരെ സൗകര്യം!

യേശു ദൈവാലയത്തിലേക്കു നടന്നു ചെന്നപ്പോൾ അവൻ കണ്ടത്, തന്റെ പിതാവിന്റെ ആലയം ലാഭക്കൊതിയന്മാരുടെ വിഹാരരംഗമായിരിക്കുന്നതാണ്, പ്രാർഥനാലയത്തിന്റെ പരിശുദ്ധിയല്ല, മാട്ടുചന്തയുടെ ക്രയവിക്രയ ശബ്ദകോലാഹലമാണവിടെ... എന്തു ലക്ഷ്യത്തോടെ ദൈവാലയം നിർമ്മിക്കപ്പെട്ടുവോ, അത് അസാധ്യമാക്കിത്തീർക്കും വിധം ദൈവാലയം ഒരു വാണിഭശാല ആയിരിക്കുന്നു. പ്രാർഥനയുടെ ശബ്ദം കേൾക്കേ ണ്ടിടത്ത് ഇപ്പോൾ പ്രാവിന്റെ കുറുകലും, ചിലപ്പും! അനുതാപത്തിന്റെ കരച്ചിൽ കേൾക്കേണ്ടിടത്ത് ആടുകളുടെ മുക്കുറയും, കാളയുടെ ചീററലും മാത്രം! വചനത്തിന്റെ ഘോഷം കേൾക്കേണ്ടിടത്ത് ഇപ്പോൾ പൊൻവാണിഭക്കാരുടെ വിലപേശൽ!

ശേഷം പേജ് 29 ▶



ബാബു ചെറിയാൻ

# കൂടിക്കാഴ്ച

കൂടിക്കാഴ്ച എന്നതിന് യാദൃശ്ചിക ദർശനം എന്നാണ് നിഘണ്ടുവിലെ അർത്ഥം. Encounter എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം അപ്രതീക്ഷിതമായ കൂടിക്കാഴ്ച, ആകസ്മിക സമാഗമം (Unexpected meeting) എന്നിങ്ങനെയാണ്. അബ്രഹാമിന്റെ രക്തത്തിൽനിന്ന് ആദ്യമായി ഒരു കുട്ടിക്ക് ജന്മം നൽകിയ ഹാഗാർ എന്ന സഹോദരി മാനസികമായി വളരെയധികം ക്ലേശം അനുഭവിക്കുന്ന അവസരത്തിൽ ഒരു ഒളിച്ചോട്ടം നടത്തി. ഗർഭവതിയായ ഒരു സ്ത്രീ അക്കാലത്ത് ഓടിപ്പോയാൽ പിന്നെ തിരികെ വരുവാൻ കഴിയാത്ത ഒരു കയത്തിലേയ്ക്ക് ആണ് പോവുക. ഇന്നാണെങ്കിൽ സോഷ്യൽ മീഡിയക്കാർ ആരെങ്കിലും സഹായത്തിന് വരും. സത്യത്തിൽ ഇവളെ അന്വേഷിക്കാനോ അവളുടെ മടങ്ങിവരവിനായി ആഗ്രഹിക്കാനോ ആരുമില്ലായിരുന്നു. ഇത് വരുംവരായ്കകൾ ചിന്തിക്കാത്ത ഒരുപോക്കു തന്നെയായിരുന്നു. യാതൊരു സ്വപ്നങ്ങളും ഇനിയില്ല. ആരെക്കുറിച്ചും ഓർത്തിട്ടു കാര്യവും ഇല്ല. എല്ലാ വാതിലും അടഞ്ഞു.

ഇവിടെയാണ് ആ എൻകൗണ്ടർ യാദൃശ്ചികമായ ഒരു കൂടിക്കാഴ്ച ആയിത്തീരുന്നത്. നഷ്ടപ്പെട്ടത് ഭർത്താവിനെ ആണെങ്കിൽ ലഭിച്ചത് കർത്താവിനെ ആണ്. അതിലുപരി സ്രഷ്ടാവിനെക്കൂടിയാണ്. 'നീ എവിടെനിന്നു വരുന്നു, എവിടേക്ക് പോകുന്നു' എന്ന ചോദ്യമാണ് സ്രഷ്ടാവ് ചോദിക്കുന്നത് (ഉൽപ്പത്തി 16:8). അറിയാഞ്ഞിട്ടാണോ, എവിടെനിന്നാണ് എന്ന ഇമ്മാതിരിചോദ്യം. ആദമേ, നീ എവിടെ എന്നചോദ്യവും ഇതുപോലെ തന്നെ ആയിരുന്നു. അധ്യാപകൻ സാമൂഹികശാസ്ത്രം പഠിപ്പിച്ചു കൊണ്ടിരുന്നപ്പോൾ സുഭാഷ് ജനലിൽ കൂടി പുറത്തേക്കു നോക്കിയിരിക്കുകയായിരുന്നു. സുഭാഷ് നീ എവിടെ ആണ് (where are you) എന്ന ചോദ്യത്തിന്റെ അർത്ഥവും ഉദ്ദേശ്യവും സുഭാഷിനല്ലതെ ആർക്കും മനസ്സിലാവുകയില്ല.

നമ്മളൊക്കെ വന്നത് എവിടെനിന്നു എന്ന് അറിയാത്തതുകൊണ്ടാണ് എവിടേക്കു പോകണമെന്ന് അറിയാൻ പാടില്ലാത്തത്. വന്ന ഭവനത്തിലേക്ക് തന്നെ, ഹാഗാറിനെ മടക്കി അയക്കാൻ മതിയായതു ആയിരുന്നു ആ കൂടിക്കാഴ്ച. ഇവിടെ അവൾ, അവളെപ്പറ്റി മാത്രമല്ല അവൾക്കു ജനിക്കാൻ പോകുന്ന സന്താനത്തെപ്പറ്റിയും പുതിയ ചില ബോധ്യങ്ങൾ ഉൾക്കൊണ്ടു. അവളെ നന്നായി അറിയുന്ന ഒരു സ്രഷ്ടാവിനെയും അവൾ അടുത്തറിയുന്നു. സൂര്യന്റെ വെളിച്ചത്തിലാണ് നടക്കുന്നതെങ്കിലും നമ്മിൽ ആരും സൂര്യനെ നേരിൽ കാണുന്നില്ലല്ലോ. എന്നെ കാണുന്നവനെ ഞാൻ ഇവിടെ കണ്ടുവല്ലോ എന്ന് പറഞ്ഞു. ആ മഹത്തായ കൂടിക്കാഴ്ചയുടെ ഓർമ്മയ്ക്കായി ആ സ്ഥലത്തിന് ബേർ ലഹയി രോയി എന്ന് പേരായി. നമ്മുടെ കാഴ്ചപ്പാട് മാറിയാൽ നമ്മുടെ സ്ഥലത്തിന് മാറ്റം വരും, നമ്മുടെ ഭവനത്തിനും പ്രിയപ്പെട്ടവർക്കും മാത്രമല്ല ശത്രുവിനു പോലും മാറ്റം വരും. പക്ഷെ നമ്മുടെ കാഴ്ചപ്പാട് മാറുവാൻ ദൈവവുമായി ഒരു കൂടിക്കാഴ്ചയാണ് ആവശ്യം. വീട്ടിലെ മന:ക്ലേശങ്ങളാണ് ഈ കൂടിക്കാഴ്ചയ്ക്ക് കാരണമായി ഭവിച്ചതെങ്കിൽ നമ്മുടെ ദു:ഖങ്ങളെയും നഷ്ടങ്ങളെയും അപമാനങ്ങളെയും മഹത്തായ, ദിവ്യമായ ഒരു

കൂടിക്കാഴ്ചയ്ക്ക് കാരണം ആക്കുവാൻ കഴിയുകയില്ലേ?

വീടുവിട്ട് ഓടിയ യാക്കോബിനും ഇതുപോലെ ഒരു എൻകൗണ്ടർ ഉണ്ടായിട്ടുണ്ട്. ബാല്യത്തിലേ അല്പസ്വല്പ സ്വാർത്ഥതയും, അമ്മയുടെ അതിരുകവിഞ്ഞ ഇടപെടലും എല്ലാം ഈ ഓടിപ്പോക്കിന് വഴി തെളിച്ചു എന്ന് ചിന്തിക്കാം. ഇപ്പോൾ അപ്പനും ഇല്ല, അമ്മയും ഇല്ല, സഹോദരനും ഇല്ല അപഹരിച്ചെടുത്ത അനുഗ്രഹം മാത്രം ബാക്കി. കല്ല് തലയിണയായി വയ്ക്കേണ്ടി വന്ന ഏകാന്തരാത്രിയിൽ സ്രഷ്ടാവുമായി ഒരു കൂടിക്കാഴ്ച യാക്കോബിനു ലഭിക്കുന്നു. അവൻ മനംനൊന്ത് പ്രാർത്ഥിച്ചാണോ കിടന്നത് എന്ന് നമുക്ക് അറിയില്ല. എന്തായാലും ദൈവം അവനെ തേടിയെത്തുന്നു. അവനിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാതെ യാക്കോബിന് വാഗ്ദത്തങ്ങൾ വാരിക്കോരി ആ കൂടിക്കാഴ്ചയിൽ കൊടുക്കുന്നു. യാക്കോബ് അപ്പോൾ ശക്തമായ ചില തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നു. പക്ഷേ പ്രാരാബ്ധങ്ങളുടെ നടുവിൽ യാക്കോബ് അതെല്ലാം മറന്നു (ഉല്പത്തി 28: 10 മുതൽ 22 വരെ).

കഴിഞ്ഞ രണ്ടു കൂടിക്കാഴ്ചകളും ദൈവം മുൻകൈയെടുത്തത് ആണെങ്കിൽ ഉല്പത്തി മുപ്പത്തിരണ്ടാം അധ്യായത്തിൽ യാക്കോബ് മുൻകൈയെടുത്ത ഒരു കൂടിക്കാഴ്ച ഉണ്ട്. ഉൽപ്പത്തി 28: 22 മുതൽ 32 വരെയുള്ള വാക്യങ്ങളിൽ അത് കാണാം. അവൻ തനിയെ ശേഷിച്ചു എന്നാണ് ദൈവവചനത്തിൽ കാണുന്നത്. അതികഠിനമായ ഭീതിയുടെ നടുവിൽ തന്റെ സമ്പത്തും സന്താനങ്ങളും സൗന്ദര്യമുള്ള ഭാര്യയും എല്ലാം അവനൊരു ഭാരമായി, വേദനയായി തോന്നി. ഇത്തരുണത്തിൽ ബെഥേലിൽ വച്ച്, തന്നെത്തേടി വന്ന ദൈവത്തെത്തന്നെ തേടുന്നതാണ് ഉചിതം എന്ന് താൻ ഉറച്ചു.

സർവ്വശക്തനും ആയുള്ള കൂടിക്കാഴ്ചയ്ക്ക് മറ്റാരും അടുത്തുണ്ടാകരുത് എന്ന് യാക്കോബ് നിശ്ചയിച്ചു. വാസ്തവത്തിൽ യഥാർത്ഥ പ്രാർത്ഥനാമുറി ഒരു ഓപ്പറേഷൻ തിയേറ്റർ തന്നെയാണ്. ആർക്കും അങ്ങോട്ട് പ്രവേശനമില്ല. പ്രധാനപ്പെട്ട സർജനും സഹായികൾക്കും മാത്രമാണ് പ്രവേശനം. യാക്കോബിന് ഒരു മേജർ ശസ്ത്രക്രിയ തന്നെ നടന്നു. 12 മണിക്കൂർ നീണ്ടുനിന്ന സർജറി ആയിരുന്നു അത്. ഓപ്പറേഷൻ സക്സസ്. ഹൃദയം മാറി, സ്വഭാവം മാറി, പേര് മാറി. ഈ മഹത്തായ കൂടിക്കാഴ്ചയുടെ ഓർമ്മയ്ക്കായി യാക്കോബിന്റെ കാലിനു ഒരു ഉളുക്ക് മാത്രം സംഭവിച്ചു.ഇസ്രായേൽ എന്ന ഒരു ജാതിയുടെ ഉത്ഭവം കുറിക്കുന്ന കൂടിക്കാഴ്ച ആയിരുന്നു അത്. ഈ കോവിഡ് കാലത്ത് ദൈവവുമായി ഒരു കൂടിക്കാഴ്ചയ്ക്ക് നമ്മിൽ ആര് മുൻകൈ എടുക്കും? ഒരു രാത്രിയോ, ഒരാഴ്ചയോ, ചില ആഴ്ചകളോ, മറ്റെല്ലാറ്റിൽ നിന്നും, മറ്റെല്ലാവരിൽ നിന്നും മാറി, തനിച്ചിരിക്കാൻ തയ്യാറായാൽ ഒരു പുതിയ ഹൃദയവും, പുതിയ കാഴ്ചപ്പാടുമായി പുറത്തു വരാം. കോവിഡാനന്തര സഭയ്ക്കും സമൂഹത്തിനും കൊടുക്കുവാൻ ഒരു സന്ദേശമായി... ■

**...പച്ചയായതൊന്നുമില്ലാത്ത മരുഭൂമിയുടെ അന്തരീക്ഷത്തിൽ കർത്താവ് സംസാരിച്ചതെന്തെല്ലാമാണെന്ന് എഴുതിയിട്ടില്ല, ഹൃദയം ഹൃദയത്തോടായിരുന്നു സംസാരം. എന്നാൽ സംസാരാനന്തരം മരുഭൂമിയുടെ അന്തരീക്ഷമല്ല മറിച്ച് മുന്തിരിത്തോട്ടവും പ്രത്യാശയുടെ വാതിലുമൊക്കെയാണു ചിത്രത്തിൽ. മത്സരബുദ്ധിയും തന്നിഷ്ടവും പിന്മാറ്റ മനോഭാവവുമൊക്കെയായി കർത്താവിൽനിന്നും അകന്ന് ഹൃദയബന്ധം നഷ്ടപ്പെടുത്തിയവരോട് പറയാനുള്ളത് ഹൃദയം ഹൃദയത്തോടുസംസാരിക്കുന്ന ഒരു ഊഷ്മള ബന്ധത്തിലേക്കു മടങ്ങിവരിക എന്നാണ്. ദൈവവുമായുള്ള നമ്മുടെ ബന്ധം ദൃശ്യമായ സംവിധാനങ്ങളുടെ പ്രേരണയാലോ പ്രോത്സാഹനത്താലോ മാത്രമായിരിക്കരുത്...**

**കെ.വി.ആർ**



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

# ദൈവം തീയും മഴയും അയച്ചിട്ടും...

'ശത്രുവായവൻ........അത്യുന്നതനായവന്റെ വിശുദ്ധന്മാരെ ദ്രോഹിക്കും' എന്ന് ദാനിയേൽ 7:25 ൽ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്. അത്യുന്നതന്റെ സങ്കേതത്തിൽ വസിക്കുകയും സർവ്വശക്തന്റെ തണലിൽ പാർക്കുകയും ചെയ്യുന്നവന് മാത്രമേ ആ ദിവസം വിജയിയായി മറനീക്കി പുറത്തു വരുവാൻ കഴിയുകയുള്ളൂ. ജീവിതത്തിലെ കുറവ് നികത്തുവാൻ കാത്തിരിക്കേണ്ടുന്ന ഇടവും സങ്കേതവുമാണ് തിരുസാന്നിധ്യം. ആ അനുഭവത്തെയാണ് തിരുവെഴുത്തു 'അത്യുന്നതന്റെ മറവിൽ വസിക്കുക' എന്ന് പരാമർശിച്ചിരിക്കുന്നത്.

**നമ്മോടു സമസ്വഭാവമുള്ള ഏലിയാവ്**

വിവിധ മേഖലകളിൽ പ്രതിസന്ധികളെ അതിജീവിച്ചവർ പോലും പിന്നീട് ഏതെങ്കിലും അവസരങ്ങളിൽ ക്ഷീണിച്ചു തളർന്നു പോകുന്നത് കാണാൻ കഴിഞ്ഞിട്ടുണ്ട്. അവരുടെ സ്നേഹം തണുത്തുപോകുന്നു, അത്യുത്സാഹം മന്ദഗതിയിലാകുന്നു. അത്യുത്സാഹിയായ മനുഷ്യനായിരുന്നു ഏലിയാവ്. നമ്മുടെയും ആത്മികജീവിതത്തിൽ നേരിടേണ്ടി വന്നിട്ടുള്ളതു പോലെ തനിക്കും ആത്മികയുദ്ധങ്ങൾ ചെയ്യേണ്ടി വന്നിട്ടുണ്ട്. യിസ്രായേലിന്നു വേണ്ടിയുള്ള തന്റെ ആത്മീക പോരാട്ടത്തിൽ ഇസബേലിന്റെയും അവളുടെ ഭർത്താവായിരുന്ന ആഹാബ്‌രാജാവിന്റെയും കപട തന്ത്രങ്ങൾക്കെതിരെ ആയിരുന്നു തനിക്കു പോരാടേണ്ടി വന്നത്. അതേസമയം അവന്റെ അത്യുഗ്രമായ പോരാട്ടം ദൃശ്യശത്രുക്കളോടാണെന്നു തോന്നുമെങ്കിലും അവരിലൂടെ പ്രകടമായ, അവന്റെ മനോവീര്യം കെടുത്തുന്ന, നിരുത്സാഹപ്പെടുത്തുന്ന അനുഭവങ്ങളോടായിരുന്നു.

ഏലീയാവ് ഒരു പിടികിട്ടാപ്പുള്ളിയെന്നപോലെ കെരിത്ത് തോടിന്റെ കരയിലും സീദോനിലെ വിധവയുടെ വീട്ടിലും ഒക്കെയായി മൂന്നര വർഷത്തോളം ആഹാബ് രാജാവിന്റെ കണ്ണിൽ പെടാതെ, അവിടവിടങ്ങളിലായി ഒളിച്ചു പാർക്കുകയായിരുന്നു. യഹോവയുടെ പ്രവാചകന്മാരെ എല്ലാം തന്നെ ഇസബെൽ നിഷ്പ്രഭമാക്കിയിട്ടു, അവർ ചെലുത്തിയിരുന്ന ദൈവീക സ്വാധീനത്തെ മാറ്റിമറിക്കുവാനായിരുന്നു അവളുടെ ശ്രമം. ബാൽ, അശേര എന്നീ ജാതീയ ദൈവങ്ങളുടെ പ്രവാചകന്മാരിലൂടെ, ദൈവത്തിന്റെ പ്രവാചകന്മാരെയും, ജനത്തെയും പൈശാചികമായി അടിച്ചമർത്തുകയായിരുന്നു അവളുടെ ലക്ഷ്യം. ഈ പശ്ചാത്തലത്തിൽ ദൈവംതന്നെ മുൻകൈയെടുത്തു ഒരു പുതിയ സംരംഭം സമാരംഭിച്ചു. ഏലിയാപ്രവാചകനും ബാലിന്റെ പ്രവാചകന്മാരും ഒരേ സമയം അവരവർ സേവിക്കുന്ന ദൈവത്തിനു യാഗം കഴിക്കുവാൻ ഓരോ യാഗപീഠം ഉണ്ടാക്കുക എന്നത് ഇതിന്റ ഭാഗമായിരുന്നു. യാഗത്തിന് അഗ്നിയാൽ ഉത്തരമരുളുന്ന ദൈവം ജീവനുള്ള സത്യദൈവമായിരിക്കും എന്നതായിരുന്നു വ്യവസ്ഥ. യാഗം നടക്കുമ്പോൾ ആഹാബും മുഴുവൻ യിസ്രായേൽ ജനവും സന്നിഹിതരായിരുന്നു. ആദ്യ അവസരം ലഭിച്ച ബാലിന്റെ പ്രവാചകന്മാർ അവരുടെ കാളയെ വെട്ടിനുറുക്കി വിറകിന്മേൽ വയ്ക്കട്ടെ, ഏലിയാവ് മറ്റേ കാളയെ തയ്യാറാക്കി വിറകിന്മേൽ വയ്ക്കട്ടെ.

പക്ഷെ ഇരുകൂട്ടരും അതിനു തീ ഇട്ടുകൂടാ. ഇതായിരുന്നു ദൈവം നൽകിയ വ്യവസ്ഥ. എന്നാൽ ബാലിന്റെ പ്രവാചകന്മാർ പ്രഭാതം

മുതൽ മദ്ധ്യാഹ്നം വരെ ബാലിനെ പേരുചൊല്ലി വിളിച്ചു; ഞങ്ങൾക്ക് ഉത്തരം നൽകിയാലും എന്ന് നിലവിളിച്ചുകൊണ്ടിരുന്നു. എങ്കിലും യാതൊരു പ്രതികരണമോ ഉത്തരമോ അവർക്കു ലഭിച്ചില്ല. എന്നാൽ വളരെ വിചിത്രമായ ഒരു അന്തരമാണ് ഇവിടെ കാണുന്നത്. ഏലീയാവിന്റെ ഹ്രസ്വമായ പ്രാർത്ഥനയിൽ സ്വർഗത്തിൽ നിന്ന് അഗ്നി ഇറങ്ങി ഹോമബലിയും വിറകും, കല്ലും, മണ്ണും വരെ ദഹിപ്പിച്ചുകൊണ്ട് യഹോവ തന്നെ സത്യദൈവമെന്നു വെളിപ്പെടുത്തി. ഇത് ഏലീയാവിനു ലഭിച്ച മഹത്തായ വിജയമായിരുന്നു. ജനങ്ങളെല്ലാം ഇത് കണ്ടപ്പോൾ കമിഴ്ന്നു വീണു യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം എന്ന് ആവർത്തിച്ച് പറഞ്ഞു (1 രാജാക്കന്മാർ 18:39). തീ ഇറക്കിയതുകൊണ്ടു മാത്രം അവസാനിപ്പിക്കാതെ, ബാലിന്റെ പ്രവാചകന്മാരെ മുഴുവനും നിഗ്രഹിക്കുകയും ചെയ്തു.

ഇതിനു ശേഷം ഏലിയാവ് കർമ്മേലിന്റെ മുകളിൽ കയറിപ്പോയി, അവിടെ നിലംമുട്ടെ കുനിഞ്ഞു, മുഖം കാൽമുട്ടുകൾക്കിടയിൽ വച്ചുകൊണ്ടു മൂന്നര വർഷത്തെ കഠിന വരൾച്ച നീങ്ങിപ്പോകത്തക്കവണ്ണം മഴയ്ക്ക് വേണ്ടി ഏഴുപ്രാവശ്യം പ്രാർത്ഥിച്ചു. ഒരേ ദിവസം തന്നെ സ്വർഗത്തിൽ നിന്ന് തീയും മഴയും അത്യത്ഭുതകരമായി ഭൂമിയിലേക്ക് ദൈവം അയച്ചു. യിസ്രായേലിന്റെ ചരിത്രത്തിൽ ഈ മഹാത്ഭുതങ്ങൾ മറ്റേതെങ്കിലും ദിവസമായിരുന്നു നടന്നിരുന്നതെങ്കിൽ അവരെല്ലാവരും ഒരുപക്ഷെ മാനസാന്തരപ്പെടുമായിരുന്നു. എങ്കിലും സ്വർഗ്ഗത്തിൽനിന്നു ദൈവം തീയും മഴയും അയച്ച ദിവസം ഒരു മാനസാന്തരവും അവർക്കുണ്ടായില്ല. അതേത്തുടർന്ന് ബാലിന്റെ സേവയും അത്തരം കാര്യങ്ങളും നിർമൂലമാകേണ്ടതായിരുന്നു. അതും സംഭവിച്ചില്ല. ഏലിയാവ് ആഗ്രഹിച്ചതുപോലുള്ള ഒരു വലിയ ഉണർവ്വ് ഉണ്ടായില്ല എന്ന് മാത്രമല്ല അതിനു വിപരീതമായി മുൻപിലത്തെ മ്ലേച്ഛത തുടരുക തന്നെ ചെയ്തു.

ഏലിയാവ് ചെയ്ത എല്ലാ കൃത്യങ്ങളും ബാലിന്റെ പ്രവാചകന്മാരെ നിഗ്രഹിച്ചതും ആഹാബ് ഇസബേലിനോട് വിവരിച്ചു പറഞ്ഞു. ഇത് കേട്ട ഇസബെൽ കോപാകുലയായി, പ്രതികാര ദാഹിയായി മാറി. ദൈവത്തിന്റെ പ്രവാചകനായ ഏലീയാവിനെ, നാളെ ഈ നേരത്തിനുള്ളിൽ അതായതു 24 മണിക്കൂറിനുള്ളിൽ കൊന്നുകളയുമെന്നുള്ള ഭീഷണി ഒരു സന്ദേശ വാഹകൻ വഴി ഏലീയാവിനെ അറിയിച്ചു. ഇത് കേട്ടപ്പോൾ ആഹാബ് ഉൾപ്പെടെ ആരും മാനസാന്തരപ്പെടാഞ്ഞതിലുള്ള ദു:ഖം അധികരിക്കുകയും ഏലിയാവ് ഭയപ്പെട്ടു പ്രാണരക്ഷാർത്ഥം പലായനം ചെയ്യുകയും ചെയ്തു. അവൻ യഹൂദയിലെ ബെർശേബയിൽ എത്തി. ഒരു ചൂരച്ചെടിയുടെ ചുവട്ടിൽ നിരാശനായി ഇരുന്നു. മരിച്ചാൽ മതിയെന്ന് ആഗ്രഹിച്ചു.

**കർത്താവെ നീ ആണ് ദൈവം എന്നും, നീ അവരുടെ ഹൃദയങ്ങളെ തിരികെ കൊണ്ടുവന്നിരിക്കുന്നു എന്നും ഈ ജനം അറിയേണ്ടതിനു ഉത്തരം അരുളണമെന്നു ആ ദിവസത്തിൽ ഏലിയാവ് പ്രാർത്ഥിച്ചിരുന്നു. എങ്കിലും തനിക്കു മുമ്പുണ്ടായിരുന്ന പ്രവാചന്മാരെപ്പോലെ തന്നെ നിലനിൽക്കുന്ന ഒരു മടങ്ങിവരവിനോ മനസാന്തരത്തിനോ പ്രേരകശക്തിയാകുവാൻ ഏലിയാവിനു കഴിഞ്ഞില്ല.**

ഏലിയാവ് ആകെ തകർന്ന്, മനം തളർന്ന്, വിഷണ്ഡനായ നിലയിൽ, ചൂരൽ ചെടിയുടെ തണലിലിരുന്നു, മരിച്ചെങ്കിൽ മതിയായിരുന്നു എന്ന് ആഗ്രഹിച്ചു; 'കർത്താവെ എനിക്ക് മതിയായി, എന്റെ ജീവനെടുത്തോളു, എന്റെ പിതാക്കന്മാരേക്കാൾ ഒട്ടും മെച്ചമല്ല ഞാൻ', എന്നിങ്ങനെ പറഞ്ഞു (1 രാജാക്കന്മാർ 19:4) ഏറ്റവും ഉത്തമമായതും ഉറച്ച പരിശ്രമത്തോടെയുമുള്ള ഉദ്യമമായിരുന്നു ഏലിയാവ് ദൈവത്തിനു വേണ്ടി ചെയ്തത്. ആ ഉദ്യമത്തിന്റെ മൂർദ്ധന്യവസ്ഥയിൽ എത്തിയത് തന്റെ യാഗത്തിന് അഗ്നിയാൽ ദൈവം ഉത്തരമരുളിയ അതേ ദിവസത്തിലായിരുന്നു.

കർത്താവെ നീ ആണ് ദൈവം എന്നും, നീ അവരുടെ ഹൃദയങ്ങളെ തിരികെ കൊണ്ടുവന്നിരിക്കുന്നു എന്നും ഈ ജനം അറിയേണ്ടതിനു ഉത്തരം അരുളണമെന്നു ആ ദിവസത്തിൽ ഏലിയാവ് പ്രാർത്ഥിച്ചിരുന്നു. എങ്കിലും തനിക്കു മുമ്പുണ്ടായിരുന്ന പ്രവാചന്മാരെപ്പോലെ തന്നെ നിലനിൽക്കുന്ന ഒരു മടങ്ങിവരവിനോ മാനസാന്തരത്തിനോ പ്രേരകശക്തിയാകുവാൻ ഏലിയാവിനു കഴിഞ്ഞില്ല. ഈ പരാജയ ബോധം അവനെ കടുത്ത നിരാശയിലേക്കും വിഷണ്ഡതയിലേക്കും നയിച്ചു. ●





പി.വി. വർഗീസ്

# അടിമയും ഉടമയും

*നുകത്തിനു കീഴിൽ ദാസന്മാരായി ഇരിക്കുന്ന വർ ഒക്കെയും ദൈവനാമവും ഉപദേശവും ദുഷി ക്കപ്പെടാതിരിക്കുവാൻ തങ്ങളുടെ യജമാനന്മാരെ സകല മാനത്തിനും യോഗ്യർ എന്നു എണ്ണേ ണ്ടത് ആകുന്നു (1 തിമൊഥെയൊസ് 6: 1).*

**അ**ടിമകളും അടിമത്ത വ്യവസ്ഥിതിയും നിലവിലിരുന്ന ഒന്നാം നൂറ്റാണ്ടിൽ, അടിമയും ഉടമയും തമ്മിൽ എങ്ങനെ കരുതണമെന്ന പ്രബോധനമാണ് മേലുദ്ധരിച്ച വാകൃത്തിൽ അപ്പോസ്തലനായ പൗലോസ് നൽകുന്നത്. ക്രിസ്ത്യാനിയായിത്തീർന്ന ഏതൊരു വിശ്വാസി യും തന്റെ ക്രിസ്തീയ യജമാനനെ സർവ്വ ബഹുമതിക്കും അർഹനായി പരിഗണിക്ക ണമെന്നും, ബഹുമാനിച്ച് സേവിക്കണം എന്നും, അല്ലാത്തപക്ഷം ദൈവവനാമവും ഉപദേശവും സമൂഹമദ്ധ്യേ ദുഷിക്കപ്പെടും എന്നും, അങ്ങനെ സംഭവിക്കാതെ ഇരിപ്പാൻ എപ്രകാരം പെരുമാറ ണമെന്നും, ഈ പ്രബോധനത്തിലൂടെ തിരുവെ ഴുത്തു വ്യക്തമാക്കുന്നു.

എങ്കിലും അന്ന് നിലവിലിരുന്ന അടിമത്തവ്യ വസ്ഥിതി മാറ്റുവാൻ യേശുവോ അപ്പോസ്തലൻ മാരോ മുൻകൈ എടുത്തില്ല. അതേസമയം ഓരോരുത്തൻ ദൈവത്താൽ വിളിക്കപ്പെട്ട സ്ഥി തിയിൽ തന്നെ ഇരുന്നുകൊള്ളുക എന്നാണ് വചനത്തിലൂടെ അപ്പോസ്തലൻ ദൈവജനത്തെ പ്രബോധിപ്പിച്ചത്. കാരണം അടിമയായിരിക്കെ കർത്താവിൽ വിളിക്കപ്പെട്ടവൻ കർത്താവിന്റെ സ്വതന്ത്രനാകുന്നു. അതുപോലെതന്നെ സ്വതന്ത്ര നായി വിളിക്കപ്പെട്ടവൻ കർത്താവിന്റെ അടിമ ആ കുന്നു എന്ന ഒരു വലിയ ആത്മിക യാഥാർഥ്യം ബോധ്യപ്പെടുത്തി ക്രിസ്തീയ ഉൾക്കാഴ്ച പകരു ന്നത് അടിമയായി വിളിക്കപ്പെട്ടവനും ഉടമയായി രുന്ന ആളിനും അങ്ങനെ ഇരുകൂട്ടർക്കും ആ ശ്വാസവും സന്തോഷവും നൽകി ബലപ്പെടുത്തു ന്നത് ആയിരുന്നു (1 കൊരിന്ത്യർ 7:20 -22). എന്നാൽ ആരെങ്കിലും അടിമത്തത്തിന്റെ നി രാശയിൽ ആയിരുന്നു എങ്കിൽ, ആ നിരാശയുടെ കാർമേഘങ്ങൾ എല്ലാം മാറി ജീവിതത്തിൽ ഒരു പുതിയ ഉദ്ദേശ്യവും അർത്ഥവും അവർ ഈ തി രുവെഴുത്തിലൂടെ കണ്ടെത്തി. യാതൊരു സ്വാത ന്ത്ര്യവും ഇല്ലാത്ത അക്ഷരീക അടിമത്തത്തിൽ ജീവിച്ചിരുന്നത് നിഷ്ഫലം എന്ന് ആദ്യകാല വി ശ്വാസികൾക്ക് തോന്നിയിരുന്നു എങ്കിൽ, അവർ ക്രിസ്തുവിൽ സ്വതന്ത്രരാണ് എന്നുള്ള ദൈവ വചന പ്രബോധനം തീർച്ചയായും അവർക്കു വ ലിയ സന്തോഷവും പ്രത്യാശയും നൽകി ധൈര്യപ്പെടുത്തുകയാണ് ഉണ്ടായത്.

സഹോദരന്മാരെ, ഓരോരുത്തൻ വിളിക്കപ്പെട്ട സ്ഥിതിയിൽ തന്നെ ദൈവസന്നിധിയിൽ വസിച്ച് കൊള്ളുക (1 കൊരിന്ത്യർ 7:24) എന്നത് ഏത് ജീവിതാവസ്ഥയിൽ ആണോ വിളിക്കപ്പെ ട്ടത് അതിൽ ദൈവത്തോടൊപ്പം നിങ്ങൾ ആയി രിക്കുക എന്നാണ് അർത്ഥമാക്കുന്നത്.

തിരുവചനങ്ങൾ നൽകിയ ഉൾക്കാഴ്ചയിൽ ആണ് പിന്നീട് അമേരിക്കൻ ഐക്യനാടുകളിൽ നിലനിന്നിരുന്ന അക്ഷരീക അടിമത്തവ്യവസ്ഥി തിയെ അന്നത്തെ പ്രസിഡണ്ടായിരുന്ന എബ്രഹാം ലിങ്കൺ തുടച്ചുമാറ്റിയത്. മനുഷ്യരെ സംബന്ധിച്ചു ആത്മികമായി പറയുമ്പോൾ തിരുവെഴുത്തിന്റെ വെളിച്ചത്തിൽ അവനു,

ഒന്നുകിൽ ദൈവത്തിന്റെ അടിമ ആയോ, അല്ലെങ്കിൽ പാപം ചെയ്തുകൊണ്ട് പിശാചിന്റെ അടിമ ആയോ മാത്രമേ ജീവിക്കുവാൻ കഴിയുകയുള്ളൂ. 'നിങ്ങൾ അനുസരണയുള്ള അടിമകളായി വഴങ്ങി ആരെയെങ്കിലും അനുസരിക്കുന്നു എങ്കിൽ, നിങ്ങൾ ആരെ അനുസരിക്കുന്നുവോ അയാളുടെ അടിമ ആയിരിക്കും. ഒന്നുകിൽ നിത്യ ശിക്ഷാവിധിയിലേക്കു നയിക്കുന്ന പാപത്തിന്റെ അടിമ, അല്ലെങ്കിൽ നിത്യജീവനിലേക്കു നയിക്കുന്ന അനുസരണത്തിന്റെ അടിമ ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ?' (റോമർ 6;16). മനുഷ്യൻ ജന്മനാ പാപിയാണ്, അതായത് ജനിച്ചു വീഴുന്ന ഏതൊരു കുട്ടിയിലും പാപസ്വഭാവം കാണപ്പെടുന്നു. ഇങ്ങോട്ടു വരുവാൻ പറഞ്ഞാൽ അങ്ങോട്ട് പോകുന്നതും, എന്തെങ്കിലും സാധനം എടുക്കരുതെന്ന് പറഞ്ഞാൽ ഉടൻ തന്നെ അതെടുക്കുന്നതും നാം ശ്രദ്ധിച്ചിട്ടുള്ള കാര്യങ്ങളാണല്ലോ. പാപസ്വഭാവമുള്ളവരായി മനുഷ്യർ പിറന്നു വീഴുന്നതിനെ ആണ് ജന്മപാപം അഥവാ ആദാമ്യ പാപം എന്ന് പറയുന്നത്. മാനസാന്തരപ്പെടാത്ത ഒരു വ്യക്തി പാപത്തിന്റെ അടിമ ആയി പാപത്തിൽ തുടരുന്നു. അങ്ങനെ അവൻ പാപത്തിൽ മരിക്കുകയാണെങ്കിൽ അവനെ കാത്തിരിക്കുന്നത് നിത്യനരകം തന്നെ ആയിരിക്കും.

എന്നാൽ നിത്യനരകത്തിൽ നിന്ന് നമ്മെ വീണ്ടെടുക്കുവാൻ പാപമില്ലാത്തവനായി ജനിച്ചു, പാപമില്ലാത്തവനായി ജീവിച്ചു, നമുക്ക് പകരക്കാരനായി കാൽവറിക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ യേശുകർത്താവിനെ നമ്മുടെ ഉടമ ആയി സ്വീകരിച്ചാൽ, യേശുവിന്റെ അടിമയായി ജീവിച്ചു നിത്യത അവകാശമാക്കുവാൻ കഴിയും എന്ന് തിരുവെഴുത്തു ഉറപ്പു തരുന്നു. യേശു പറയുന്നത് ശ്രദ്ധിക്കുക: 'നിങ്ങൾ ഏവരും എന്റെ അടുക്കൽ വരിക. ഞാൻ നിങ്ങൾക്ക് നിത്യവിശ്രമം തരും. അത് പ്രാപിക്കുവാൻ നിങ്ങൾ എന്റെ നുകം വഹിക്കുക, എന്നിൽ നിന്നും പഠിക്കുക. കാരണം ഞാൻ സൗമ്യശീലനും വിനീത ഹൃദയനും ആണ്. എന്റെ നുകം ക്ലേശം ഇല്ലാത്തതും എന്റെ ചുമട് ലഘുവും ആകുന്നു' (മത്തായി 11:29,30). നുകം ക്ലേശം ഇല്ലാത്തതാകാൻ കാരണം നുകത്തിന്റെ മറ്റേ അറ്റത്തു നമ്മുടെ പുതിയ ഉടമ ആയ യേശുകർത്താവുതന്നെ നമ്മോടൊപ്പം ഉണ്ടെന്നതാണ്. ഇവിടെ നുകം എന്ന് വിവക്ഷിക്കുന്നത് നാം അനുസരിക്കേണ്ടതിനു ദൈവം നൽകിയിട്ടുള്ള കല്പനകളും ദൈവിക പ്രമാണങ്ങളും ആണ്. ദൈവത്തെ സ്നേഹിക്കുന്നവർക്ക് ഈ കൽപ്പനകൾ ഭാരം ഉള്ളതായി അനുഭവപ്പെടുകയില്ല. ഒരു മനുഷ്യൻ കടന്നുപോകുവാൻ സാധ്യത ഉള്ള എല്ലാ അനുഭവങ്ങളിലൂടെയും കടന്നു പോയിട്ടുള്ള ആളാണ് നമ്മുടെ പുതിയ ഉടമ എന്നതിനാൽ, നമ്മുടെ ഏതു പ്രയാസവും അദ്ദേഹത്തിന് നന്നായി മനസിലാകും.

പഴയ ഉടമ ആയ പിശാചിനെ ഉപേക്ഷിച്ചു പുതിയ ഉടമ ആയി യേശുകർത്താവിനെ വിശ്വസിച്ചു അംഗീകരിക്കുന്നതിനെയാണ് വീണ്ടും ജനനം എന്ന് പറയുന്നത്. പിശാച് ഉടമ ആയി ഭരിച്ചപ്പോൾ ഏതു അനീതിയും പ്രവർത്തിക്കുവാൻ മടി ഇല്ലാതെ, കൊടുംപാപിയായി സമാധാനമില്ലാത്തവനായി മനുഷ്യൻ അരിഷ്ടനായി ജീവിച്ചു. പിശാച് മനുഷ്യ ഹൃദയത്തിലേക്ക് വന്നു പാപത്തിന്റെ പ്രലോഭനം നൽകുന്നത് നിത്യനാശത്തിലേക്കു നയിക്കുവാൻ മാത്രമാണ്. എന്നാൽ പുതിയ ഉടമ ആയ യേശുകർത്താവ് വന്നത് മനുഷ്യന് നിത്യജീവനും അതിന്റെ സമൃദ്ധിയും ഉണ്ടാകുവാൻ വേണ്ടിയാണ് (യോഹന്നാൻ 10:10)

നിസ്തുല സ്നേഹത്തിന്റെയും എല്ലാ സൽഗുണങ്ങളുടെയും ഉറവിടമാണ് യേശുകർത്താവ്. തന്നോട് ചേരുന്നവർക്കു സംരക്ഷണവും കരുതലും പരിപാലനവും ഇഹലോകത്തിലും അതേത്തുടർന്ന് നിത്യതയിലും അളവ് കൂടാതെ ലഭിക്കുന്നു എന്ന വിശേഷത നാം കാണാതെ പോകരുത്. എന്നാൽ പിശാച് ഭോഷ്കു പറയുന്നവനും വഞ്ചകനും ആണ്, ഇക്കാരണത്താലാണ് മനുഷ്യരെ ആകർഷകമായതു കാണിച്ചു പ്രലോഭിപ്പിക്കുന്നത്.

**പുതിയ ഉടമ ആയ യേശുകർത്താവ് അനുദിനവും നമ്മെ നേർവീഥിയിൽ നടത്തുവാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെയും, ഹൃദയത്തിൽ സംഗ്രഹിച്ചുഅനുസരിക്കേണ്ടതിനു തിരുവെഴുത്തുകളെയും നൽകിയിരിക്കുന്നു.**

ഇത്ര നല്ല ഒരു ഉടമയെ മറ്റെങ്ങും കാണുവാനോ സ്വീകരിക്കുവാനോ സാധ്യമേ അല്ല. അടിമയായി ആത്മിക ജീവിതം ആരംഭിക്കുന്ന നാം പുതിയ ഉടമയായ യേശുകർത്താവിനോട് അനുരൂപരായി തീരുക എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. അതിനായി ദൈവമായ കർത്താവ് നമ്മെ ഓരോരുത്തരെയും ശക്തീകരിക്കട്ടെ. •



ചെയ്സ് ജോസഫ്

# പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം

റോമാ ലേഖനം ഏഴാം അധ്യായം നാം എങ്ങനെ മനസ്സിലാക്കുന്നു എന്നത് വളരെ നിർണ്ണായകമാണ്. നാം മുൻപേ മനസ്സിലാക്കിയത് പോലെ അത് പൗലോസിന്റെ ജീവിതത്തെ സംബന്ധിക്കുന്നതല്ല. ഒരാൾ രക്ഷിക്കപ്പെട്ടതാണോ അല്ലയോ എന്നതുമല്ല, ഏഴാം അധ്യായത്തിന്റെ വിഷയം. ദൈവം തന്ന അതിവിശിഷ്ടമായ ന്യായപ്രമാണം മനുഷ്യന്റെ ബലഹീനതകളാൽ എങ്ങനെ നിഷ്പ്രയോജനം ആയിപ്പോകുന്നു എന്നതാണ്. നിയമങ്ങൾ പരാജയം ആകുന്നത് നിയമങ്ങൾ ബലഹീനമായതു കൊണ്ടല്ല, പിന്നെയോ അത് അനുസരിക്കാൻ മനുഷ്യന് പ്രാപ്തി ഇല്ല എന്നതിനാലാണ്. ഒരു പക്ഷെ ഇതിനു മറുപടി ആയി ദൈവം നമ്മെ സഹായിച്ചാൽ പോരെ എന്ന് തോന്നിയേക്കാം. എന്നാൽ പഴയ ജഡത്തെ നല്ല പ്രവൃത്തികൾ ചെയ്യാൻ സഹായിക്കുക അല്ല ദൈവം ചെയ്യുന്നത്. പിന്നെയോ ഒരു ആത്മീക പരിച്ഛേദനയിലൂടെ പഴയ ജഡത്തെ ക്രൂശിൽ നിർവിര്യമാക്കുകയാണ്. അത് കൊണ്ടാണ് റോമാ ലേഖനത്തിൽ യേശുക്രിസ്തുവിന്റെ മരണത്താൽ നാം ആ മരണത്തിൽ പങ്കാളികൾ ആകുന്നു എന്ന് പഠിപ്പിക്കുന്നത്.

**എങ്ങനെയാണ് ദൈവം നമ്മെ പാപത്തിൽ നിന്ന് വിടുവിക്കുന്നത്?**


നാം എട്ടാം അധ്യായത്തിൽ കാണുന്നത് ഈ വീണ്ടെടുപ്പ് എന്ന അത്ഭുതം ആണ്. ഒന്നാം വാക്യം പറയുന്നു; അത് കൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല. ഏഴാം അധ്യായത്തിൽ പൗലോസ് ദീർഘമായ ഒരു ചർച്ചയുടെ അവസാനത്തേയ്ക്ക് വരുമ്പോൾ, ആ ചർച്ചാവിഷയത്തോട് ബന്ധിപ്പിക്കുന്ന ഒരു വാക്കാണ് 'അതുകൊണ്ടു' എന്നത്. ന്യായപ്രമാണത്താൽ, ശിക്ഷാവിധി പോകുന്നില്ല, പിന്നെയോ മനുഷ്യൻ എത്ര അരിഷ്ടനും ശിക്ഷായോഗ്യനും ആണെന്ന് കാണിക്കുന്നതെ ഉള്ളു. എന്നാൽ ഇപ്പോൾ ക്രിസ്തുയേശുവിന്റെ മരണത്തിൽ പങ്കാളികൾ ആയ നാം ശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കപ്പെട്ടിരിക്കുന്നു. എങ്ങനെയാണ് അത് സംഭവിച്ചത്? ആറാം അധ്യായത്തിൽ അത് വിവരിച്ചു കഴിഞ്ഞതാണ്. ക്രിസ്തുയേശുവിന്റെ മരണത്തിൽ പങ്കാളികൾ ആകുന്നതുകൊണ്ട് നമ്മുടെ പഴയ മനുഷ്യനെ ക്രൂശിൽ തറച്ചു, നീക്കം ചെയ്തു,ഒഴിവാക്കിയിരിക്കുന്നു.നാം വഹിക്കേണ്ടിയിരുന്ന ശിക്ഷ അവന്റെ മേൽ ആയി. പൗലോസ് എട്ടാം അദ്ധ്യായത്തിന്റെ ഒന്നാം വാക്യത്തിൽ പറയുന്നത് ഇത് വരെ പറഞ്ഞ കാര്യങ്ങളുടെ ഒരു സംഗ്രഹം ആണ്. ന്യായപ്രമാണം നമ്മെ രക്ഷിച്ചില്ല, എന്നാൽ ക്രിസ്തുവിനോട് കൂടെ മരിച്ച് അവന്റെ മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും പങ്കാളികൾ ആയതിലൂടെ നാം ശിക്ഷാവിധിയിൽ നിന്നും രക്ഷിക്കപ്പെട്ടിരിക്കുന്നു

**എന്താണ് യഥാർത്ഥത്തിൽ സംഭവിച്ചത്?**

പൗലോസ് വിശദീകരിക്കുന്നു, നാം പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിനു കീഴിൽ അടിമകൾ ആയിരുന്നു. രണ്ടു കാര്യങ്ങൾ ആണ് നമ്മെ ഭരിച്ചിരുന്നത്. ഒന്ന്, നമ്മിൽ വസിക്കുന്ന പാപം! രണ്ട്, തീർച്ചയായും നാം ചെന്നവസാനിക്കുമായിരുന്ന മരണം. മരണം എന്ന തത്വത്താൽ നിയന്ത്രിക്കപ്പെടുക എന്ന് പറഞ്ഞാൽ

ശേഷം പേജ് 27 ▶





ഡോ. സജികുമാർ കെ. പി.

# ഓൺലൈൻ ഗെയിം എന്ന മാരക വിപത്ത്

സൽസ്വഭാവികളെന്നു എല്ലാവരും അഭിപ്രായപ്പെടുന്ന വളരെ നല്ല കുഞ്ഞുങ്ങളെ പോലും അനുസരണം കെട്ടവരും സ്വയനിയന്ത്രണം ഇല്ലാത്തവരും മാതാപിതാക്കളെ ധിക്കരിക്കുന്നവരും ചിലപ്പോൾ ഉപദ്രവിക്കുന്നവരായിപ്പോലും ആക്കിത്തീർക്കുന്ന വലിയ വിപത്താണ് ഓൺലൈൻ ഗെയിമിൽ മറഞ്ഞിരിക്കുന്നത്.

**കോവിഡ് കാലത്ത് മാതാപിതാക്കൾ അറിയുവാൻ**

പണ്ടെങ്ങും സാധ്യമാകാതിരുന്ന അളവിൽ ഇന്ന് സ്മാർട്ട്ഫോണും ഇൻറർനെറ്റിന്റെ പരിധിയില്ലാത്ത ഉപയോഗവും നമ്മുടെ ഇളം തലമുറയെ ബാധിച്ചിരിക്കുന്നു. ഒരു മാരക വെല്ലുവിളിയാണ് ഇൻറർനെറ്റ് എന്ന വിപത്ത് ഉയർത്തുന്നത്. വിവേചനബുദ്ധിയോടെ ഇന്റർനെറ്റ് ഉപയോഗിച്ചാൽ ഫലപ്രദമായ ഒട്ടേറെ മെസ്സേജുകൾ, പ്രോഗ്രാമുകൾ, അറിവുകൾ എന്നിവ ലഭിക്കും. എന്നാൽ വഷളത്തത്തിലേയ്ക്ക് നയിക്കുന്ന വിധത്തിലുള്ള, പ്രലോഭിപ്പിക്കുന്ന ചിത്രങ്ങളും ദൃശ്യങ്ങളും വീഡിയോകളും മന:പ്പൂർവ്വമായി ഒഴിവാക്കിയില്ലായെങ്കിൽ അത് അപകടകാരണമാകും. ഒരു സമയത്തു സ്കൂളുകളിൽ മൊബൈൽ ഫോൺ അനുവദിക്കുമായിരുന്നില്ല. എന്നാൽ ഇന്ന് സ്കൂളുകൾ തന്നെ അത് പ്രോത്സാഹിപ്പിച്ചു ലഭ്യമാക്കി കൊടുക്കുന്നു. ഓൺലൈൻ ക്ലാസിന് എന്ന പേരിൽ, ഇൻറർനെറ്റിന്റെ പരിധികളില്ലാത്ത ലോകം അവർക്ക് നാം സമ്മാനിച്ചപ്പോൾ, ഒരു പക്ഷെ അവരുടെ ഭാവിയെ തന്നെ നശിപ്പിച്ചു കളഞ്ഞേക്കാവുന്ന പൈശാചികതയ്ക്ക് അവർ അടിമപ്പെടുമെന്ന് സ്വപ്നത്തിൽ പോലും വിചാരിച്ചു കാണില്ല. ഊണും ഉറക്കവും കളഞ്ഞ് മണിക്കൂറുകളോളം അവർ ഇൻറർനെറ്റ് ഗെയിം കളിക്കുമ്പോൾ അവരുടെ മാനസിക ആരോഗ്യവും പഠനനിലവാരവും സ്വഭാവ മൂല്യങ്ങളും നശിക്കുന്നു. എന്ന് മാത്രമല്ല കുടുംബത്തിനകത്ത് സമാധാനവും സ്വസ്ഥതയും കുറഞ്ഞു കുറഞ്ഞു ഇല്ലാതായും ഇരിക്കുന്നു. ബാങ്കിൽ മാതാപിതാക്കൾ നിക്ഷേപിച്ചിരിക്കുന്ന പണം അവർ അറിയാതെ പിൻവലിച്ച്, ഗെയിം കളിക്കുന്ന കൗമാരക്കാർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് ചെറിയ തലവേദന ഒന്നുമല്ല.

ഇവിടുത്തെ ഏറ്റവും വലിയ വെല്ലുവിളി അവർ കളിക്കുന്നതു, യുദ്ധമുഖത്ത് കണ്ണിൽ കണ്ടവരെയെല്ലാം കൊന്നൊടുക്കുന്ന അസോൾട് ഗെയിമുകളാണ്. ഫ്രീഫയർ, പബ്ജി, ഹിറ്റ്മാൻ എന്നിങ്ങനെ അക്രമവാസന പ്രോത്സാഹിപ്പിക്കുന്ന ഗെയിമുകൾ ഇളം തലമുറയിലെ കൗമാരക്കാരെ ക്രൂരതയിലേക്കും അന്ധകാരത്തിലേക്കും നയിച്ചുകൊണ്ടിരിക്കുന്നു. സ്വന്തം കയ്യിലെ തോക്കു കൊണ്ടും മാരകായുധങ്ങൾ കൊണ്ടും എതിരെ വരുന്ന ആരെയും നിഷ്ക്കരുണം കൊന്നു തള്ളുന്ന നമ്മുടെ ബാല്യക്കാർ, ഇത്തരം കളി ഒരു ദിവസം കളിക്കുമ്പോൾ തന്നെ ഭാവനാലോകത്ത് നൂറുകണക്കിന് ആളുകളെയാണ് ഇല്ലായ്മ ചെയ്യുന്നത്.

മനസ്സും ശരീരവും ചിന്തയും ഭാവനയും തങ്ങളുടെ മുഴുവൻ ശ്രദ്ധയും, ഇതിലേക്ക് നൽകുമ്പോൾ അവർ മറ്റൊരു ലോകത്താണ്. മറ്റുള്ളവർ അവരോടു സംസാരിക്കുന്നതും ചോദിക്കുന്നതും ഇടപഴകുന്നതുമൊന്നും ഗെയിം കളിക്കുന്നവർക്ക് അപ്പോൾ ഇഷ്ടമല്ല. എന്തിനേറെ, ഭക്ഷണം പോലും വേണ്ടാതെയും ഉറങ്ങാതെയും ലക്ഷക്ക

ണക്കിന് കുട്ടികൾ ഈ ഗെയിമിന് അടിമപ്പെട്ടിരിക്കുന്നു. ഇങ്ങനെ ബുദ്ധിയെയും മനസ്സിനെയും മുഴുവൻ ശ്രദ്ധയെയും അടിമപ്പെടുത്തുന്ന ഗെയിമിലേക്ക് നമ്മുടെ മക്കൾ ഇക്കാലത്ത് അടിമപ്പെട്ടു നശിച്ചുപോകാതെ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളാണ്. ഓരോ ദിവസവും ഈ ഗെയിമിൽ എത്ര ആളുകളെ വധിക്കുന്നു എന്നതനുസരിച്ച് കമ്പനി ഇവർക്ക് ലക്ഷ്യം നൽകുകയും, അത് പൂർത്തീകരിക്കുന്നവർക്ക് അതനുസരിച്ച് ഉന്നമനം നൽകുകയും ചെയ്യുന്നു. ഈ പ്രോത്സാഹനം മക്കൾക്കു ലഭിക്കുമ്പോൾ ഇത് കളിക്കാതി രിക്കാൻ പറ്റാതെ ആവും അവർക്ക്.

മറ്റുള്ളവരെ കൊന്നുതള്ളുന്ന ഇത്തരം ഗെയിമുകളുടെ പ്രശ്നമെന്താണ്? എന്തുകൊണ്ടാണ് നാം ഇതിനെ എതിർക്കേണ്ടത്? ഒന്നാമതായി നാം പരിഗണിക്കേണ്ടത് നമ്മുടെ തലമുറയുടെ സ്വഭാവരൂപീകരണത്തെ ഇത് ബാധിക്കുന്നു എന്ന വിഷയമാണ്. അതായത് നന്മയും ക്ഷമയും സഹനവും സ്നേഹവും നിറയേണ്ട മനസ്സുകളിലേക്ക്, അവർ വളരുന്ന പ്രായത്തിൽ തന്നെ ഇത്തരം അക്രമത്തിന്റെ ഗെയിമുകൾ അവരുടെ ഉള്ളിലേയ്ക്ക് നിറയ്ക്കുന്നത് ക്രൂരതയുടെയും അക്രമത്തിന്റെയും ദാക്ഷിണ്യമില്ലായ്മയുടെയും പകയുടെയും വിദ്വേഷത്തിന്റെയും അന്ധകാരമാണ്. ഇത്തരം ഗെയിമുകളിൽ സ്വന്തം തോക്കിനു മുമ്പിൽ ചോര ചീന്തി പിടഞ്ഞു മരിക്കുന്ന ആളുകൾ നമ്മുടെ മക്കളെ ഹരം പിടിപ്പിക്കുമ്പോൾ ഒന്നോർക്കുക, പ്രായോഗിക ജീവിതത്തിലും അധികം താമസിയാതെ ഇത് തന്നെ അവരിൽ നിന്ന് പ്രതീക്ഷിക്കാം. അതായതു സ്വന്ത മാതാപിതാക്കളോടും സഹോദരങ്ങളോടും കരുണയില്ലാതെ എന്തു ക്രൂരതയും വൈകൃതവും പ്രവർത്തിക്കുവാൻ ഇവർ തയ്യാറാകും.

കയ്യിൽ കിട്ടുന്ന എന്തു മാരകായുധവും എടുത്ത്,എതിർക്കുന്നവരെ അടിച്ചു കൊല്ലുവാനും ഏതു അക്രമവും പ്രവർത്തിക്കുവാനും എങ്ങനെ 18 വയസ്സ് പോലും തികയാത്ത മക്കൾക്ക് കഴിയുന്നു എന്ന് ചോദിക്കുമ്പോൾ, ആദ്യം വിരൽചൂണ്ടുന്നത് ഗെയിമിലൂടെ നന്നേ ചെറുപ്പത്തിൽ തന്നെ അവരുടെ മനസിനെ നിറച്ച അക്രമവാസനയിലേക്ക് ആണ്. ഗെയിമിലൂടെ അവരുടെ മനസുകളിൽ വീണ അക്രമവാസനയുടെ ഭവിഷ്യത്തുകളാണ് ഇത്തരം ദുരനുഭവങ്ങൾ.

വേദപുസ്തകത്തിലെ ആത്മീയമൂല്യങ്ങൾക്കു വിലകൽപ്പിക്കുന്ന ഒരു തലമുറ അസൊൾട്ട് ഗെയിമിലേക്ക് തിരിയുവാൻ പാടില്ല. ഇൻറർനെറ്റിൽ ലൈംഗികത ഉള്ള വീഡിയോകൾ സ്ഥിരം കാണുന്ന വ്യക്തി തികച്ചും ലൈംഗിക വൈകൃതങ്ങളിലേയ്ക്കും അധാർമ്മികതയിലേക്കും വഴുതി വീഴും എന്ന് നാം അറിയണം. ഇതുപോലെ തന്നെ അക്രമവാസന ഇൻറർനെറ്റ് ഗെയിം രൂപത്തിൽ ശീലിക്കുന്ന വ്യക്തി നിഷ്ഠൂരസ്വഭാവ വൈകൃതങ്ങളിലേയ്ക്ക് വീണുപോകും എന്നതിൽ രണ്ടു പക്ഷമില്ല.

മുൻപ് സൂചിപ്പിച്ചതുപോലെ ഗെയിമുകൾക്ക് നമ്മുടെ മക്കളെ അടിമകളാക്കാൻ വളരെ പെട്ടെന്ന് സാധിക്കുന്നു എന്ന് പറഞ്ഞിടത്തു മറ്റൊരു പ്രശ്നം കൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. അതായത് കുടുംബത്തിനും മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഒപ്പം, ഒരുമിച്ച് ചെലവഴിക്കേണ്ടുന്ന വിലയേറിയ നിമിഷങ്ങളാണ് ഈ വിധത്തിലുള്ള ഗെയിമിന്റെ ആസക്തി മൂലം നഷ്ടപ്പെടുന്നത്. കളിച്ചും ചിരിച്ചും ആസ്വദിക്കേണ്ട ബാല്യകാലം ഇതിനാൽ അറിഞ്ഞോ അറിയാതെയോ നഷ്ടപ്പെടുത്തുന്നു. കുടുംബബന്ധങ്ങൾ തണുത്തുറഞ്ഞു പോകുന്നതിന് ഇത്തരം ഓൺലൈൻ ഗെയിം ആസക്തി വഴിയൊരുക്കുന്നു. കുടുംബത്തിലെ കൂട്ടായ്മയും ആത്മീയബന്ധങ്ങളും തകരുന്നതിലേക്ക് ആണ് ഈ പോക്ക്.

കൊറോണക്കാലമല്ലേ, സമയം പോകണ്ടേ, എന്ന് വിചാരിച്ച് ഇൻറർനെറ്റ് ഗെയിം കളിക്കാൻ മക്കളെ അനുവദിക്കരുത്. പ്രത്യേകിച്ചും കൗമാര പ്രായത്തിലുള്ള കുട്ടികൾ ഇൻറർനെറ്റ് ഉപയോഗിക്കുമ്പോൾ അത് മാതാപിതാക്കളുടെ നിരീക്ഷണത്തിൽ ആയിരിക്കണം. ഓൺലൈൻ ക്ലാസ്സ് കഴിഞ്ഞാൽ അവരുടെ ഫോൺ വാങ്ങി വയ്ക്കണം. രാത്രിസമയത്ത് ഫോൺ ഉപയോഗിക്കാൻ യാതൊരു കാരണവശാലും അനുമതി നൽകരുത്. കുട്ടികളുടെ പിടിവാശിക്ക് മുമ്പിൽ എന്തിനും നിന്നു കൊടുക്കുന്ന മാതാപിതാക്കൾ അധികം താമസിയാതെ മക്കളെചൊല്ലി കരയേണ്ടി വരും എന്ന് മറക്കാതിരിക്കുക. വചനം പറയുന്നത്: മക്കളെ ബാലശിക്ഷയിലും പഥ്യ ഉപദേശത്തിലും വളർത്തണം എന്നാണ്. അവരുടെ യുക്തമല്ലാത്ത ഇഷ്ടങ്ങൾക്കും നിർബന്ധങ്ങൾക്കും നോ പറയുവാൻ മാതാപിതാക്കൾ പഠിക്കണം.

ഈ അന്ത്യകാലത്ത് അവർ ദൈവവചനം ക്രമീകൃതമായി പഠിക്കുവാൻ ഉള്ള ഒരു പദ്ധതി രൂപപ്പെടുത്തുക. അവരുടെ അസ്വാഭാവികമായ പെരുമാറ്റം വളരെ ഗൗരവത്തോടെ കാണുകയും അവരോടൊപ്പം നന്നായി സമയം ചെലവഴിക്കുക

ശേഷം പേജ് 28 ▶



ഡേവിഡ് വിൽക്കേഴ്സൺ

# സ്വയം ശൂന്യനാക്കുന്ന ആത്മികത

വിശുദ്ധസ്ഥലം എന്ന വാക്ക് സൂചിപ്പിക്കുന്നത് ദൈവജനം ആത്യന്തികമായി എത്തിച്ചേരേണ്ട ആത്മികനിലവാരത്തെയാണ്. മോശെ ഭൗതികമായി വളരെ ഉയർന്ന ഒരു അനുഭവത്തിൽ നിന്ന് വളരെ താണ ഒരു നിലവാരത്തിലേക്ക്, അതായത് ദൈവമുൻപാകെ താൻ ഏതുമില്ല എന്ന ഒരു തിരിച്ചറിവിലേക്ക് എത്തിച്ചേർന്നു. ഒരിക്കൽ മോശെ, വളരെ ഉയർന്ന ആദരവ് എല്ലാവരിൽ നിന്നും പ്രാപിച്ചവനായിരുന്നു, മിസ്രയീമിലെ ഭരണതലങ്ങളിൽ വളരെ ബഹുമാനിതൻ ആയിരുന്നു. വലിയ പേരും പെരുമയും തനിക്കു അവിടെ ലഭിച്ചിരുന്നു. വലിയ ധനാഢ്യരോടും ഉന്നത സ്വാധീനമുള്ളവരോടും ആണ് താൻ ഇടപഴകിയിരുന്നത്. ഒരുപക്ഷെ അവന്റെ കാലത്തു പ്രശസ്തിയുടെ പെരുമയിൽ നിലനിന്നവൻ. ഭരണാധികാരികൾക്ക് ആലോചന നൽകിയിരുന്ന നിലവാരത്തിലുള്ള ഒരു വ്യക്തി. തന്റെ പ്രശസ്തിയും ജനപ്രീതിയും മായയാണെന്ന് താൻ തിരിച്ചറിഞ്ഞു ഉരിഞ്ഞു കളയുവോളം ദൈവം അവനെ ഉപയോഗിച്ചില്ല. ആരും അറിയാത്ത ഇടത്തു, സ്വാധീനമില്ലാത്ത നിശ്ശബ്ദനാക്കപ്പെട്ട അവസ്ഥയിലേക്ക് ദൈവം അവനെ നയിച്ചു. തന്റെ പ്രതിഭകൾ ഒന്നും പ്രയോജനപ്പെടുത്തുവാൻ ഒരു സാധ്യതയും ഇല്ലാത്ത ഒരവസ്ഥ. തന്റെ വാക്കുകൾ ശ്രദ്ധിക്കുവാൻ ആരും ഇല്ലാത്ത അവസ്ഥ. ഒറ്റപ്പെട്ട ഒരു ആട്ടിടയനെ ശ്രദ്ധിക്കുവാൻ ലോകനേതാക്കളിൽ ആരും ഇല്ലാത്ത അവസ്ഥ. തന്റെ ശ്രേഷ്ഠതകളെല്ലാം ഉരിഞ്ഞു കളഞ്ഞ ആ നിമിഷത്തിൽ, എല്ലാം നഷ്ടപ്പെട്ട ആ നിമിഷത്തിൽ, ഒരു കാലത്തു അഭിമാനജനകമായിരുന്നതിന്റെ അർത്ഥശൂന്യത മനസ്സിലാക്കിയ ആ നിമിഷത്തിൽ, ദൈവികനിയോഗം ലഭിക്കുന്നതിന് മുൻപ് ആ നിയോഗം സ്വയം ഏറ്റെടുക്കുവാൻ വെമ്പൽ കൊണ്ടിരുന്ന മനോഭാവം ഉരിയേണ്ടി വന്നപ്പോൾ, ദൈവം ആഗ്രഹിക്കുന്ന ആത്മികനിലവാരത്തിലേക്ക് അവനെ നടത്തുകയായിരുന്നു.

മഹത്വപൂർണ്ണമായ ഒരു പുതിയ വെളിപ്പാട് മോശെക്കു നൽകേണ്ടതിനു മുൾപ്പടർപ്പിലെ അഗ്നിജ്വാലയിൽ ഒരു ദൈവദൂതൻ അവനു പ്രത്യക്ഷനായി. മോശെയുടെ മനോഭാവത്തിലെ തന്റെ സ്വന്തപ്രശസ്തിയും മറ്റെല്ലാ പുകഴ്ചകളും പരിപൂർണ്ണമായി ഉരിഞ്ഞു കളയുന്ന അവസാന നിമിഷം വരെ

**ദൈവത്താൽ വിളിക്കപ്പെട്ട നാം ഓരോരുത്തരും, ഞാനോ കുറയേണം അവനോ വളരേണം എന്ന മനോഭാവത്തിൽ എത്തുന്നതാണ് നാം വിശുദ്ധസ്ഥലം ആകുന്ന അനുഭവം.**

ദൈവം അവനു പരിശീലനം നൽകുകയായിരുന്നു. സ്വന്ത പ്രശസ്തിയും മറ്റെല്ലാ പുകഴ്ചകളും മനോഭാവത്തിൽ നിന്ന് ഉരിഞ്ഞു കളഞ്ഞു, ഒരു കേവലപൂജ്യമായി, തന്നെത്തന്നെ തിരിച്ചറിഞ്ഞ നിമിഷത്തിലാണ് ദൈവം അവനു ഒരു പുതിയ വെളിപ്പാട് നൽകിയത്. അതായത് ദൈവിക മർമ്മങ്ങൾ ഗ്രഹിക്കുവാൻ സ്വയം ശൂന്യനാക്കേണം എന്ന് സാരം. യേശുകർത്താവ് പോലും സ്വയം ശൂന്യനാക്കി, കേവലം ഒരു ദാസന്റെ മനോഭാവം സ്വീകരിച്ചു എന്ന് തിരുവെഴുത്തു പറയുന്നു (ഫിലിപ്യർ 2:7). പരപ്രേരണ കൂടാതെ സ്വമനസ്സാലെ യേശുകർത്താവ് ഇങ്ങനെ ചെയ്യുകയായിരുന്നു. ദൈവത്താൽ വിളിക്കപ്പെട്ട നാം ഓരോരുത്തരും, ഞാനോ കുറയേണം അവനോ വളരേണം എന്ന മനോഭാവത്തിൽ എത്തുന്നതാണ് നാം വിശുദ്ധ സ്ഥലം ആകുന്ന അനുഭവം.

പ്രശസ്തനാകണം എന്ന ചിന്തയുടെ കണിക പോലും, മേൽപ്പറഞ്ഞ ഈ മനോഭാവത്തിൽ എത്തിയ, വാസ്തവമായി ദൈവവചനം പ്രസംഗിക്കുന്ന, ഒരു വ്യക്തിയിൽ ഉണ്ടാകില്ല. ക്രിസ്തുവിനെ പ്രസംഗിക്കുമ്പോൾ ക്രിസ്തു ഉയർത്തപ്പെടുകയും പ്രസംഗിക്കുന്ന വ്യക്തി സ്വയം താഴ്ത്തുകയും ചെയ്യുന്നു എന്നാണ് ഉൽകൃഷ്ടനായ ഒരു ദൈവദാസൻ എഴുതിയിരിക്കുന്നത്. ഞാൻ ഇത് വിശ്വസിക്കുന്നു! ഒരു ശുശ്രൂഷകൻ എന്ന നിലയിൽ ഞാൻ പ്രശസ്തനാവുകയും ഖ്യാതി നേടുകയും ചെയ്താൽ എന്റെ സന്ദേശത്തിൽ വിലപ്പെട്ടത് എന്തോ നഷ്ടപ്പെട്ടിരിക്കുന്നു എന്നർത്ഥം. ഞാനെന്ന ഭാവം വളരെ ദോഷകരമായി മുഴച്ചു നിൽക്കുന്നതാണ്. എന്റെ അംഗീകരണം ചെറുതാവുകയും, അതായത് ശ്രോതാക്കൾ എന്നെക്കാണാതെ, വലിയവനായ ക്രിസ്തുവിനെ കാണുകയും മഹത്വ പൂർണ്ണനായി അംഗീകരിക്കുകയും ചെയ്യണം. തങ്ങളുടെ ജീവകാലത്തു ലോകത്തിൽ അറിയപ്പെടാത്തവരായും അംഗീകരിക്കപ്പെടാത്തവരായും ശുശ്രൂഷിച്ച അനേകർ ഉണ്ട്. കാരണം അവരുടെ ഏക ശ്രദ്ധാകേന്ദ്രം ക്രിസ്തു ഉയർത്തപ്പെടേണം എന്ന് മാത്രം ആയിരുന്നു.

ആകയാൽ, ഒരു ദൈവദാസൻ പൊതുജനത്തിന്റെ ദൃഷ്ടിയിൽനിന്ന് സ്വയം ഒഴിവാക്കി മറഞ്ഞിരുന്നുകൊണ്ടു, രഹസ്യത്തിൽ കാണുന്ന പിതാവിനെ ആത്മാവിന്റെ കരങ്ങൾ നീട്ടി ഒന്ന് സ്പർശിക്കുക, ക്രിസ്തുവിനെ സംബന്ധിക്കുന്ന ഒരു പുതിയ വെളിപ്പാട് അവിടുന്ന് നിങ്ങൾക്ക്

**ഒരു ശുശ്രൂഷകൻ എന്ന നിലയിൽ ഞാൻ പ്രശസ്തനാവുകയും ഖ്യാതി നേടുകയും ചെയ്താൽ എന്റെ സന്ദേശത്തിൽ വിലപ്പെട്ടത് എന്തോ നഷ്ടപ്പെട്ടിരിക്കുന്നു എന്നർത്ഥം. ഞാനെന്ന ഭാവം വളരെ ദോഷകരമായി മുഴച്ചു നിൽക്കുന്നതാണ്. ശ്രോതാക്കൾ എന്നെക്കാണാതെ, വലിയവനായ ക്രിസ്തുവിനെ കാണുകയും മഹത്വ പൂർണ്ണനായി അംഗീകരിക്കുകയും ചെയ്യണം.**

നൽകും. പരിശുദ്ധനായ ദൈവത്തെ താൻ ആയിരിക്കുന്നത് പോലെ ദൈവജനത്തിനു മുൻപിൽ ചിത്രീകരിക്കുക. ഒരു ദൈവദാസന്, മധുരസമ്പർക്കം ചെയ്തു ദൈവത്തോടൊപ്പം, ഏകനായി സമയം ചിലവഴിച്ചു ദൈവത്തെ പ്രസാദിപ്പിക്കുന്ന തിലുപരി എന്താണ് ചെയ്യാനാവുക? അപ്പോഴാണ് അവൻ സ്വയം കുറയുകയും ഉത്തമമായ ദൈവിക വെളിപ്പാടുകൾ പ്രാപിക്കുകയും ചെയ്യുക. ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയെയോ പ്രസ്ഥാനത്തെയോ ആശ്രയിച്ചല്ല ദൈവരാജ്യം നിലനിൽക്കുന്നതും വളരുന്നതും. ഞാൻ മുഴുലോകത്തെയും നേടുന്നതിനേക്കാൾ ദൈവം തൽപ്പരനായിരിക്കുന്നതു എന്നെ മുഴുവനായി ദൈവത്തിനു സമർപ്പിക്കുന്നതിലും എന്നെ നേടുന്നതിലും ആകുന്നു. സ്വയം കുറയുവാൻ സമർപ്പിക്കാതെ അഥവാ മനസ്സില്ലാതെ ശുശ്രൂഷിക്കുന്ന ഒരു ശുശ്രൂഷകന് ആരെയും കർത്താവിനായി നേടുവാൻ കഴിഞ്ഞെന്നു വരില്ല.

തങ്ങളുടെ വ്യക്തിഗത വിവരങ്ങളോ, ചിത്രങ്ങളോ, പത്രവാർത്തകളോ, ഇത്തരത്തിൽ ഉള്ളതൊന്നും പ്രശസ്തിക്കായി ഉപയോഗിക്കാതെ ശുശ്രൂഷിച്ചവർ, അവരുടെ ശുശ്രൂഷയുടെ ബാക്കിപത്രമായി ശേഷിപ്പിച്ചത് മഹത്വപൂർണ്ണനായ ക്രിസ്തുവിന്റെ ദർശനം നൽകുന്ന സന്ദേശങ്ങൾ മാത്രം ആയിരുന്നു. നാം കുറയുന്നതിനായി നമ്മെ എല്ലാവരെയും നമുക്ക് സമർപ്പിക്കാം! യേശുകർത്താവു മാത്രം നമ്മിലൂടെ വെളിപ്പെടട്ടെ. അങ്ങനെ, ദൈവം വിശുദ്ധ സ്ഥലത്തിന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കട്ടെ. ●



ഇസബെല്ല ഡേവിസ്

# ചില ഓർമ്മപ്പെടുത്തലുകൾ

ജീവിതത്തെക്കുറിച്ച് എല്ലാവർക്കും ഓരോ കാഴ്ചപ്പാടാണ്. നിരൂപണങ്ങളും ഉപമകളും കഥകളും ഒക്കെയായി ജീവിതം താദാത്മ്യപ്പെടുമ്പോൾ, ജീവിതം പരീക്ഷയായി കാണുന്ന വേറെ ഒട്ടേറെപ്പേരുണ്ട് നമുക്കുചുറ്റും. പക്ഷേ ഓരോരുത്തർക്കും വ്യത്യസ്തമായ മനോഭാവം ആയിരിക്കും എന്ന് മാത്രം.

ക്രിസ്തീയജീവിതവും ഏറെക്കുറെ അങ്ങനെയാണ്. തന്റെ ഉൽകൃഷ്ടസൃഷ്ടിയായ മനുഷ്യനെക്കുറിച്ച് ദൈവത്തിന് വ്യത്യസ്തമായ പദ്ധതികൾ ആണ് ഉള്ളത്. അപ്പോഴും ഈ ക്രിസ്തീയ യാത്രയിൽ ചില കാര്യങ്ങളെക്കുറിച്ച് നാം ഓർത്തിരിക്കണം എന്ന് കർക്കശക്കാരനായ അധ്യാപകനെപ്പോലെ ഒരുതരം നിർബന്ധബുദ്ധി ദൈവത്തിനും ഉണ്ട്. അതുകൊണ്ടാണ് പലരിലൂടെയും വിശുദ്ധഗ്രന്ഥത്തിലെ ഓരോ പുസ്തകങ്ങളും എഴുതിയപ്പോൾ പരിശുദ്ധാത്മാവ് വചനത്തോടൊപ്പം **ഓർമ്മിക്കണം** എന്നു പ്രത്യേക മുന്നറിയിപ്പ് നൽകിയത്. പരീക്ഷ കഴിഞ്ഞ് ഇറങ്ങുന്ന പലരുടെയും ഒരു സ്വാഭാവിക ചൊല്ലാണ്, 'അത് വരുമെന്ന് ടീച്ചർ പറഞ്ഞതായിരുന്നു..ശോ... എന്നിട്ടും പഠിച്ചില്ല. അല്ലെങ്കിൽ നന്നായി എഴുതാമായിരുന്നു'. പലപ്പോഴും ക്ലാസിൽ പരീക്ഷയ്ക്ക് വരും എന്ന് ടീച്ചർ പറഞ്ഞത്, ശ്രദ്ധിക്കാതെ പോയതുകൊണ്ടാണ് പരീക്ഷാഹാളിനു പുറത്തു വന്നു മേൽപ്പറഞ്ഞ ഡയലോഗ് പറഞ്ഞ് സമാശ്വസിക്കേണ്ടി വന്നത്.

ഈ ലോകയാത്രയിൽ വിശുദ്ധഗ്രന്ഥത്തിൽ പരിശുദ്ധാത്മാവ് അടിവരയിട്ട് ഓർക്കണമെന്ന് പറഞ്ഞ കാര്യങ്ങൾ ഓർക്കാതെ, ഇവിടെ മറ്റു പല കാര്യങ്ങളിൽ വ്യാപൃതരായി നിന്നശേഷം അവസാന നിമിഷത്തിൽ, 'ഓർത്തില്ലന്ന്' പറഞ്ഞ് മാറിനിന്നാൽ അപ്പുറത്തു കാണുന്ന നാശഗർത്തത്തിലേക്ക് നോക്കി നിരാശപ്പെട്ടു നിൽക്കുകയല്ലാതെ മറ്റൊരു വഴിയും ഇല്ലാതെ പോകും. അതുകൊണ്ട് ഓർക്കേണ്ടത്, ഓർക്കേണ്ടത് പോലെ ഓർത്തെടുത്തുചെയ്താൽ ആത്മസന്തോഷത്തിന്റെ നിറവിൽ നിൽക്കാൻ സാധിക്കും. വേദപുസ്തകത്തിലെ ചില വചനങ്ങളോട് കൂടി *'ഓർമിച്ചു കൊള്ളുക'എന്ന് ചേർത്ത് എഴുതിയത് നാം അവ മറന്നുപോകാതെ ഓർമിച്ചും ഓർമ്മിപ്പിച്ചും ശക്തിപ്പെടുവാൻ വേണ്ടിയാണ്.* അത്തരത്തിൽ ഒരുപക്ഷേ നാം കണ്ടിട്ടും കാണാതെ പോയ ചില വാക്യങ്ങൾ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. 2 തിമൊഥെയൊസ് 2: 8 ൽ ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ടു ഉയർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക.

ഹ്രസ്വമായ ഈ ജീവിതയാത്രയുടെ ഏതു ഘട്ടത്തിലും നമുക്ക് യേശുക്രിസ്തുവിനെ ഓർക്കാൻ സാധിക്കണം. ദാവീദിന്റെ സന്തതിയായി ജനിച്ച് അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു മരിച്ച യേശുവിനെ അല്ല മറിച്ച്, മരിച്ചിട്ട് മൂന്നാം നാൾ ഉയർത്തെഴുന്നെറ്റു ഇന്നും ജീവിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക. ഏതു സാഹചര്യത്തിൽ ആയിരുന്നാലും ഏതവസ്ഥയിൽ ആയിരുന്നാലും മനുഷ്യനായി പാപം ഒഴികെ സകലത്തിലും നമ്മെപ്പോലെ ജീവിക്കുകയും, പരീക്ഷിക്കപ്പെടുകയും, പ്രതിസന്ധികളിൽ പ്രാർത്ഥനാനിരതനാവുകയും, സകലത്തിലും തന്നെത്താൻ താഴ്ത്തി പിതാവിന്റെ ഇഷ്ടം

നിറവേറ്റുകയും, ശത്രുക്കളെ സ്നേഹിക്കുകയും, പിതാവിനെ അനുസരിക്കുകയും, ദൈവരാജ്യവും മാനസാന്തരവും പ്രസംഗിക്കുകയും, അത്ഭുതങ്ങൾ ചെയ്യുകയും, തന്നെത്തന്നെ ഏൽപ്പിച്ച് കൊടുക്കുകയും, വിശുദ്ധ ജീവിതം നയിക്കുകയും ചെയ്ത ക്രിസ്തുവിനെയാണ് നാം ഓർക്കേണ്ടത്. നമുക്ക് പിൻതുടരുവാൻ ഒരു നല്ല മാതൃക വെച്ചിട്ടുപോയ യേശുക്രിസ്തുവിനെ ഓരോ നിമിഷവും നമ്മുടെ ഓരോ പ്രവർത്തന മേഖലകളിലും നിരന്തരമായി ഓർക്കണം. കാരണം അവനെ കൂടാതെ നമുക്ക് ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല (യോഹന്നാൻ 15: 5)

മറ്റൊരു വചനത്തിൽ, 'നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തു കൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പീൻ' (എബ്രായർ 13 :2). 'വന്ന വഴി മറക്കരുത്' എന്നൊരു വായ്മൊഴി ഉണ്ട് നമ്മുടെ നാട്ടിൽ. തനിക്ക് വിലപിടിപ്പുള്ളതായി തോന്നിയതെല്ലാം കടൽത്തീരത്ത് ശേഖരിച്ച് വച്ചതു, അപ്രതീക്ഷിതമായി കടന്നുവന്ന വമ്പൻ തിരമാലകൾ, എല്ലാം വിഴുങ്ങിക്കൊണ്ട് കടലിലേക്ക് പിൻവാങ്ങിപ്പോയ അവസ്ഥയിലാണിന്നു ആത്മീയലോകം. നമ്മുടെ പിതാക്കന്മാർ ശ്രേഷ്ഠമായി കരുതി വയ്ക്കുകയും പകുത്തു നൽകുകയും ചെയ്ത ആത്മികമൂല്യങ്ങളാണ് ലോകമോഹങ്ങളാകുന്ന തിരമാലകൾ ആത്മീകഗോളത്തിലേയ്ക്ക് അലയടിച്ചുവന്നു വിഴുങ്ങി കളയുന്നത്.

തന്റെ കർക്കശമായ നിലപാടിൽ നിന്നുകൊണ്ട് എഴുത്തുകാരനിലൂടെ പരിശുദ്ധാത്മാവ് 'ഓർത്തു കൊൾവിൻ' എന്ന് പറയുമ്പോൾ നമ്മോടു ദൈവവചനം പ്രസംഗിച്ചും പഠിപ്പിച്ചും നമ്മേ ദൈവത്തിങ്കലേക്ക് നടത്തിയവരെ മറക്കാതെ ഓർത്ത് പ്രാർത്ഥിക്കണം എന്ന ധ്വനി കൂടി മുഴങ്ങുന്നുണ്ട്. ക്രിസ്തുവിനുവേണ്ടി പിന്തിരിയാതെ കാലുകൾ ഉറപ്പിച്ചു നിന്നവരുടെ ജീവാവസാനത്തിങ്കൽ അവർ അനുഭവിച്ചതിന്റെ വിവരണം എബ്രായർ 11; 37 മുതൽ 39 വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിക്കുമ്പോൾ അവരുടെ ഉള്ളിൽ ഉണ്ടായിരുന്ന വിശ്വാസനങ്കൂരം എത്രത്തോളം ആഴത്തിലാണെന്നു മനസ്സിലാക്കി അത് അനുകരിക്കാൻ പരിശുദ്ധാത്മാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

ഇനിയും വേറൊരു വചനത്തിൽ തീത്തോസ് 3:1 മുതൽ 3 വരെ വാഴ്ചകൾക്കും അധികാരങ്ങൾക്കും.... അവരെ ഓർമപ്പെടുത്തുക. ഇതുവരെയും വ്യക്തിപരമായ ജീവിതത്തോട് ചേർന്നാണ് ഓർമ്മയോടെ നിൽക്കുവാൻ ഉപദേശിച്ചത് എങ്കിൽ ഈ വാക്യത്തിലൂടെ മൂന്നു കാര്യങ്ങൾ അടിവരയിട്ട് സഭയെ ഓർമ്മപ്പെടുത്തുവാൻ പൗലോസ് തീത്തോസിനോട് പരിശുദ്ധാത്മാവിൽ പറയുന്നു.

**നമ്മുടെ പിതാക്കന്മാർ ശ്രേഷ്ഠമായി കരുതി വയ്ക്കുകയും പകുത്തു നൽകുകയും ചെയ്ത ആത്മിക മൂല്യങ്ങളാണ് ലോകമോഹങ്ങളാകുന്ന തിരമാലകൾ ആത്മീകഗോളത്തിലേയ്ക്ക് അലയടിച്ചു വന്നു വിഴുങ്ങി കളയുന്നത്.**

**1. വാഴ്ചകൾക്കും അധികാരങ്ങൾക്കും കീഴടങ്ങി അനുസരിക്കാൻ.**

**2. സകല സൽപ്രവർത്തിക്കും ഒരുങ്ങിയിരിക്കുവാൻ.**

**3. ആരെകൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തരായി സകല മനുഷ്യരോടും പൂർണ്ണ സൗമ്യത കാണിക്കുവാൻ.**

നിസ്സാരമെന്നും എളുപ്പമെന്നും തോന്നുന്ന മൂന്ന് കാര്യങ്ങൾ. അഭിനയിക്കാതെ ഹൃദയംകൊണ്ട് ഇവ പ്രവൃത്തിയിലേക്കു കൊണ്ടുവരുവാനാണ് നമ്മെ തന്നെ നാം ഒരുക്കേണ്ടത്. ഒരു സഭയ്ക്ക് ഓർത്തു ചെയ്യുവാൻ അനിവാര്യമായ ഈ മൂന്ന് കാര്യങ്ങൾ ദൈവത്തിന്റെ കൃപയിൽ ആശ്രയിച്ച് ദൈവമക്കൾ ചെയ്യുമ്പോഴാണ് വചനത്തിൽ കാണുന്നതുപോലെ ക്രിസ്തുവിൽ നാം ദൈവത്തിന്റെ നിവാസം ആകേണ്ടതിന്നു ആത്മാവിൽ ഒന്നിച്ച് പണിയപ്പെട്ടു, കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധമന്ദിരം ആയി വളരുന്നത്.

മറവി ഒരു മറയാക്കി മാറ്റുന്നവരാണ് മനുഷ്യർ. ചില മുന്നറിയിപ്പുകൾ മന:പ്പൂർവമായി മറന്നുകൊണ്ട് വാഹനം ഓടിക്കുമ്പോഴാണ് അപകടമുണ്ടാകുന്നത്. നമ്മുടെ പരദേശയാത്ര നിത്യതയിലേക്ക് അഥവാ ക്രിസ്തുവിലേക്ക് ഉള്ളതാണ്. ഇവിടെ ജാഗ്രതയോടെയും സുബോധത്തോടെയും നിർമ്മദരായും നടക്കേണ്ടത് ഈ ഓർമ്മപ്പെടുത്തലുകൾ ഓർമ്മിച്ചും, ആത്മാവിനെ അനുസരിച്ചും കൊണ്ടാണ്. അങ്ങനെ ദിനംതോറും വിശുദ്ധിയിൽ ഒരുങ്ങുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

●



ജെസ്സി സാജു



# കുഞ്ഞുങ്ങളെ ദൈവനിയോഗം ഗ്രഹിപ്പിക്കുന്നതിൽ അമ്മമാർക്കുള്ള പങ്ക്

പഴയനിയമ യിസ്രയേലിന്റെ ചരിത്രത്തിൽ മോശെയോളം പ്രധാനപ്പെട്ട കഥാപാത്രം വേറെയില്ല. മോശെയെ മോശെയാക്കിയത് ദൈവമാണെന്ന് നമുക്കെല്ലാം അറിയാം. എന്നാൽ മോശെയെ യിസ്രയേലിന്റെ വിമോചകനായി മാറ്റുന്നതിൽ മോശെയുടെ അമ്മ യോക്കെബേദിനുള്ള പങ്ക് ഒരു കാരണവശാലും മറക്കാനാവില്ല.

യാക്കോബിന്റെ മക്കൾ കനാൻ നാട്ടിൽ നിന്ന് മിസ്രയീമിൽ എത്തിയിട്ട് ഏതാണ്ട് 400 സംവത്സരങ്ങൾ കഴിഞ്ഞു. യോസഫിന്റെ കാലത്ത് യിസ്രയേൽ മക്കൾക്ക് മിസ്രയീമിൽ പ്രത്യേക പരിഗണനകൾ ഒക്കെ ലഭിച്ചിരുന്നു. എന്നാൽ പിന്നീട് യോസഫിനെ അറിയാത്ത ഫറവൊമാരുടെ കീഴിൽ യിസ്രയേൽമക്കൾ അടിമകളായി ജീവിതം കഴിച്ചു. ഒരു വിമോചനത്തിനുള്ള മോഹം യിസ്രയേൽ ജനതയുടെ ഹൃദയത്തിൽ നിരന്തരം ഉണ്ടായിരുന്നെങ്കിലും ശക്തരായ മിസ്രയീമ്യരുടെയും അവരുടെ രാജാവായ ഫറവോന്റെയും അടിമത്വത്തിൽ നിന്നുള്ള വിമോചനം അവരുടെ സ്വപ്നങ്ങൾക്കും അപ്പുറത്തായിരുന്നു.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും പീഡനത്തിന് ഇടയിലും, പെരുകി വർദ്ധിക്കുന്ന യിസ്രയേൽജനത ഫറവോന്റെയും ഉറക്കം കെടുത്തി. ജനിച്ചുവീഴുന്ന മുഴുവൻ ആൺകുഞ്ഞുങ്ങളെയും കൊന്നു തള്ളുവാൻ ഫറവോൻ കൽപ്പന പുറപ്പെടുവിച്ചു. ഈ കാലയളവിലാണ് യോക്കെബെദിനു മോശെ പിറക്കുന്നത്.

യിസ്രയേലിന് ഒരു വിമോചകൻ അനിവാര്യമാണെന്നും, ദൈവം അങ്ങനെ ഒരാളെ തങ്ങൾക്ക് അയച്ചു തരുമെന്നും ദൈവാശ്രയം ഉള്ള എല്ലാ എബ്രായരും അന്ന് പ്രതീക്ഷിച്ചിരുന്നു. അതാരാകുമെന്ന് ആർക്കും അറിവില്ലായിരുന്നു. യോക്കെബേദിനും തീർച്ചയായും ഒരു വിമോചകനെക്കുറിച്ചുള്ള പ്രതീക്ഷ ഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നു. ഒരുപക്ഷേ അമ്രാമും യോക്കെബേദും അവരുടെ കുടുംബപ്രാർത്ഥനകളിൽ 'ദൈവമേ മിസ്രയീമിൽനിന്നു എബ്രായരെ വിടുവിക്കുവാൻ ഒരു വിമോചകനെ അയക്കണേ' എന്ന് നിരന്തരം പ്രാർത്ഥിച്ചിരുന്നിരിക്കണം. പിറന്നുവീണ മോശെക്കുഞ്ഞിന്റെ മുഖത്തുനോക്കി നിൽക്കുമ്പോൾ, ദൈവം അവരുടെ ആത്മാവിൽ പറഞ്ഞു, നിങ്ങൾക്ക് പിറന്ന ഈ കുഞ്ഞാണ് എബ്രായരുടെ വിമോചകൻ.

പുറപ്പാട് പുസ്തകത്തിൽ എഴുതിയിരിക്കുന്നത് അവൻ സൗന്ദര്യം ഉള്ളവൻ എന്ന് കണ്ടിട്ട് അവനെ ഒളിപ്പിച്ചു വച്ചു (പുറപ്പാട് 2: 2) എന്നാണ്. എന്നാൽ അതിൽ അത്ര വലിയ കാര്യം ഒന്നും ഇല്ലല്ലോ. ഏത് അമ്മക്കും തന്റെ കുഞ്ഞ് സൗന്ദര്യമുള്ള കുഞ്ഞ് ആണല്ലോ. എന്നാൽ സ്തേഫാനോസ് പ്രസംഗിക്കുമ്പോൾ മോശെ ദിവ്യ സുന്ദരനായിരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. (Beautiful in God's sight.-ESV) (അപ്പോസ്തല പ്രവർത്തികൾ 7:20)

എന്താണ് ദിവ്യസൗന്ദര്യം? അത് ആ പൈതലിന്റെ മേലുള്ള ദൈവനിയോഗമല്ലാതെ മറ്റൊന്നുമല്ല. അത് യോക്കെബേദ് മനസ്സിലാക്കി. ജനിക്കുന്ന എല്ലാ ആൺ കുഞ്ഞുങ്ങളും മരിക്കണം എന്നുള്ളതാണ് രാജകൽപ്പന. മോശെക്കുഞ്ഞിനെ എന്തു ചെയ്യണം? ജീവിക്കാൻ വിട്ടാൽ ഒരു പക്ഷെ രാജാവ് മാതാപിതാക്കളെ തന്നെ

കൊന്നുകളയും. എന്നാൽ ദൈവീകനിയോഗം പേറുന്ന മോശെക്കുഞ്ഞിനെ മരിക്കാൻ വിടാൻ മാതാപിതാക്കൾ തയ്യാറായില്ല. അവർ രാജാവിന്റെ കൽപ്പന ഭയപ്പെടാതെ കുഞ്ഞിനെ മൂന്ന് മാസം ഒളിപ്പിച്ചുവെച്ചു (എബ്രായർ 11:23). പിന്നെ യോക്കെബേദ് തന്റെ കുഞ്ഞിനുവേണ്ടി ഒരു ഞാങ്ങണ പെട്ടകം വാങ്ങി, അതിനു പശയും കീലും തേച്ച് കുഞ്ഞിനെ അതിൽ കിടത്തി. ഞാങ്ങണയുടെ ഇടയിൽ വെച്ചു.

ദൈവത്തിന്റെ നിയോഗം പേറുന്ന മോശെയെ ദൈവം സംരക്ഷിച്ചു കൊള്ളും എന്ന ഉറപ്പ് അവർക്കുണ്ടായിരുന്നു. ഫറവൊന്റെ പുത്രി, കുട്ടിയെ കണ്ടെടുക്കുന്നതും പിന്നെ അതിന്റെ അമ്മയെന്നറിയാതെ അവനെ വളർത്താൻ ഏൽപ്പിക്കുന്നതും നമുക്കറിയാവുന്ന ചരിത്രം. മുലകുടിച്ചു വളരുന്ന മോശെയോട് അമ്മ യൊക്കേബേദ് പറഞ്ഞു മനസ്സിലാക്കി കൊടുത്തിരിക്കണം. 'നീ മിസ്രയിമ്യനല്ലെന്നും, എബ്രയാനാണെന്നും, യിസ്രയേലിനെ ഫറവൊന്റെ അടിമത്വത്തിൽ നിന്നു വീണ്ടെടുക്കണ്ടവനാണെന്നും. ദൈവത്തിനു മോശെയുടെ മേൽ ഉള്ള നിയോഗത്തെപ്പറ്റി ചെറുപ്രായത്തിൽ തന്നെ അവനെ പറഞ്ഞു മനസിലാക്കി. അതുകൊണ്ട് കൗമാരവും യൗവ്വനവും ഒക്കെ ഫറവൊന്റെ കൊട്ടാരത്തിലാണ് അവൻ കഴിഞ്ഞതെങ്കിലും, യഹോവയുടെ ജനത്തെ വിടുവിക്കുവാനുള്ള നിയോഗം ദൈവം തന്നെയാണ് ഭരമേൽപ്പിച്ചിരിക്കുന്നത് എന്ന് മോശെ തിരിച്ചറിഞ്ഞിരുന്നു.

'ദൈവം താൻമുഖാന്തരം അവർക്ക് രക്ഷ നൽകുമെന്ന് സഹോദരന്മാർ ഗ്രഹിക്കും എന്ന് മോശെ നിരൂപിച്ചു എങ്കിലും അവർ ഗ്രഹിച്ചില്ല' (അപ്പോസ്തല പ്രവർത്തികൾ 7:25 ). അതായതു തന്റെ മേലുള്ള ദൈവികനിയോഗം, ഇസ്രയേലിന്റെ വീണ്ടെടുപ്പാണെന്ന് ശൈശവത്തിൽ തന്നെ മോശെ അവന്റെ അമ്മയിൽനിന്ന് തിരിച്ചറിഞ്ഞിരുന്നു. യൊക്കേബേദ് അവളുടെ മകന്റെ മേലുള്ള ദൈവനിയോഗം തിരിച്ചറിഞ്ഞത് അവന്റെ ജനനത്തിൽ തന്നെയാണ്. നമ്മുടെയൊക്കെ മക്കളുടെ മേൽ ദൈവത്തിന്റെ ഒരു നിയോഗമുണ്ട്. അത് എന്താണെന്ന് മാതാപിതാക്കൾ മനസ്സിലാക്കണം. ആ ദൈവികനിയോഗം എന്താണെന്ന് തിരിച്ചറിയാനായി ഓരോ മാതാപിതാക്കളും വളരെ പ്രാർത്ഥിക്കണം. ഓരോ അമ്മമാരും ദൈവത്തോട് ചോദിക്കണം, എന്റെ കുഞ്ഞിനെക്കുറിച്ചുള്ള ദൈവിക നിയോഗം എന്താണെന്ന്. മോശെയെക്കുറിച്ചുള്ള ദൈവികനിയോഗം മനസ്സിലാക്കിയപ്പോൾ അതിന്റെ പൂർത്തീകരണത്തിനുവേണ്ടി സ്വന്തം ജീവനെ പോലും അപകടത്തിൽ ആക്കുവാൻ (Risk) ആ മാതാപിതാക്കൾക്ക് മടിയുണ്ടായില്ല. തന്നെയുമല്ല, ആ നിയോഗം എന്താണെന്ന് കുഞ്ഞിനെ പറഞ്ഞു പഠിപ്പിക്കാൻ വലിയ പ്രതികൂല സാഹചര്യത്തിൽ പോലും മാതാവ് തയ്യാറായി.

വയറ്റിൽ, കുഞ്ഞ് ഉരുവാകുമ്പോൾ തന്നെ കുഞ്ഞിനെക്കുറിച്ചുള്ള ദൈവീകനിയോഗം മാതാവ് തിരിച്ചറിയണം. ദൈവത്തിന്റെ പദ്ധതി ഭൂമിയിൽ നിറവേറ്റാനാണ് ദൈവം നമുക്ക് മക്കളെ നൽകുന്നത്. അത് തിരിച്ചറിഞ്ഞ് മക്കളെ ഗ്രഹിപ്പിക്കുകയും മുലകുടിക്കുന്ന പ്രായത്തിൽ തന്നെ പറഞ്ഞു കൊടുക്കുകയും, പൈതൽ പ്രായത്തിൽ അവരെ യേശുവിങ്കലേക്കു അടുപ്പിക്കുകയും, ദൈവരാജ്യം അവരിലൂടെ വ്യാപിക്കാൻ എല്ലാ അമ്മമാരും ഉത്സാഹിക്കുകയും വേണം. നിത്യതയുടെ ദർശനം അവരിൽ ഉണ്ടാകുവാനും, നിത്യതയിലേക്ക് ഉള്ള പ്രയാണത്തിൽ മക്കളുടെ സഹപാഠികളെയും, സഹപ്രവർത്തകരെയും അപ്പോഴും, ഭാവിയിലും, ക്രിസ്തുവിങ്കലേക്ക് നയിക്കാനും മക്കളെ ഉത്സാഹിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ഇവിടെ അവർ കുറെ പണവും, സ്ഥാനങ്ങളും മാനങ്ങളും കെട്ടിടങ്ങളും ഒക്കെ ഉണ്ടാക്കുകയും, ഇവിടെത്തന്നെ അവരുടെ ജീവിതം അവസാനിക്കുകയും ചെയ്യുന്നതിൽ എന്തർത്ഥം ഉണ്ട്? മൂന്നു സഹസ്രാബ്ദങ്ങൾക്കും അപ്പുറം ജീവിച്ചിരുന്ന മോശെ, ദൈവകരങ്ങളിൽ പ്രയോജനപ്പെട്ടതിനാൽ അല്ലെ, ഇന്നും തന്നെക്കുറിച്ചു നാം ചിന്തിക്കുകയും പഠിക്കുകയും പ്രചോദനം ഉൾക്കൊള്ളുകയും ചെയ്യുന്നത്? വിസ്മൃതിയിൽ ആണ്ടുപോയ എത്രയോ പ്രഭൃതികൾ അക്കാലങ്ങളിലും അതിനു ശേഷവും ജീവിച്ചിരുന്നിരിക്കണം? മോശെയുടെ ചരിത്രത്തിൽ തന്നെ നാം കാണുന്നത് മിസ്രയീമിലെ നിക്ഷേപങ്ങളെക്കാളും ക്രിസ്തുവിനോടൊപ്പം ഉള്ള നിന്ദ വലിയ ധനമായി കണ്ടു എന്നതാണ്. മോശെക്കു വേണമെങ്കിൽ ഫറവോന്റെ മകനായി, ഭാവിയിൽ അടുത്ത ഫറവോൻ ആയി കൊട്ടാരത്തിൽ വാഴാമായിരുന്നു.

ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കുന്നത് അല്ല, സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നതാണ് മഹത്വകരമായ അവസ്ഥ. അതുകൊണ്ട് നിത്യതയെ ലക്ഷ്യംവെച്ച്, നിത്യതയിൽ നിക്ഷേപം സ്വരൂപിച്ച്, നമ്മുടെ എല്ലാ കഴിവും സാധ്യതകളും ദൈവരാജ്യ വ്യാപ്തിക്കായി ഉപയോഗിക്കുമെങ്കിൽ നമ്മുടെ ഇവിടുത്തെ ജീവിതം എത്ര ധന്യം ആയിത്തീരും. അതിനായി നമുക്ക് ഉത്സാഹിക്കാം. നമ്മുടെ മക്കളെ ഉത്സാഹിപ്പിക്കാം. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# അടയാളം തിരയുന്ന തലമുറ

അപ്പോൾ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോടു: ഗുരോ, നീ ഒരു അടയാളം ചെയ്തു കാണാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്ന് പറഞ്ഞു. അവൻ അവരോട് ഉത്തരം പറഞ്ഞത് ദോഷവും വ്യഭിചാരവും ഉള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളം അല്ലാതെ അതിന് അടയാളം ലഭിക്കയില്ല. യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതു പോലെ മനുഷ്യപുത്രൻ മൂന്ന് രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. നിനവേക്കാർ ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് എഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും. അവർ യോനായുടെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടുവല്ലോ. ഇതാ ഇവിടെ യോനായിലും വലിയവൻ. തെക്കേരാജ്ഞി ന്യായവിധിയിൽ ഈ തലമുറയോട് ഒന്നിച്ച് ഉയിർത്തെഴുന്നേറ്റ് അതിനെ കുറ്റം വിധിക്കും, അവൾ ശലോമോന്റെ ജ്ഞാനം കേൾക്കാൻ ഭൂമിയുടെ അറുതികളിൽ നിന്ന് വന്നുവല്ലോ. ഇവിടെ ഇതാ,ശലോമോനിലും വലിയവൻ (മത്തായി 12:38,42).

ഏറ്റവും കഠിന ഹൃദയം ഉള്ളവരും അവിശ്വാസികളും ആയിരുന്നു കർത്താവിന്റെ കാലത്തുണ്ടായിരുന്ന പരീശന്മാർ. കർത്താവിൽനിന്ന് വചനം നേരിട്ട് കേട്ടിട്ടും, കർത്താവ് ചെയ്ത അത്ഭുതങ്ങൾ സ്വന്തം കണ്ണുകൾ കൊണ്ട് കണ്ടിട്ടും, വിശ്വസിക്കുവാൻ തയ്യാറാവാത്ത സമൂഹമായിരുന്നു അവർ. കർത്താവിന്റെ പാപരഹിതമായ ജീവിതവും, സ്നേഹാർദ്രമായ സമീപനവും ആത്മികമായി കുരുടരായിരുന്ന അവർക്ക് കാണുവാൻ കഴിഞ്ഞില്ല. അത് നിമിത്തം അവരുടെ മശിഹായെ തിരിച്ചറിയാതെ ദൈവിക സന്ദർശനത്തെ അവർ നഷ്ടപ്പെടുത്തി.

ശാസ്ത്രിമാരിലും പരീശന്മാരിലും കഠിനഹൃദയരായ ചിലർ യേശുവിനോട് 'ഗുരോ നീ ഒരു അടയാളം ചെയ്തു കാണ്മാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. ഏത് സന്ദർഭത്തിലാണ് അവർ ഇത് പറഞ്ഞത്? കുരുടനും ഊമനുമായ ഭൂതഗ്രസ്തനെ കർത്താവ് സൗഖ്യം ആക്കിയപ്പോൾ, 'ഇവൻ ഭൂതങ്ങളുടെ തലവനായ ബേൽസബൂലിനെ കൊണ്ടല്ലാതെ ഭൂതങ്ങളെ പുറത്താക്കുന്നില്ല' എന്ന് പരീശന്മാർ ആക്ഷേപിച്ച സന്ദർഭത്തിൽ, താൻ പരിശുദ്ധാത്മാവിൽ ആണ് ഭൂതങ്ങളെ പുറത്താക്കിയതെന്ന് കർത്താവ് വിശദീകരിക്കുന്നു. ഈ അവസരത്തിലാണ് അടയാളം ചെയ്ത് കാണിക്കുവാൻ ചിലർ ആവശ്യപ്പെടുന്നത്. അതിന്റെ അർത്ഥം, യേശു പരിശുദ്ധാത്മാവിൽ ആണ് ഭൂതങ്ങളെ പുറത്താക്കുന്നതു എന്നുള്ളതിനാലാണ്. ഇതേ കാര്യം ലൂക്കോസും തന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ലൂക്കോസ്11 :14,16,19).

അടയാളം തിരയുന്ന മറ്റൊരു സന്ദർഭം കൂടി മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. 'അനന്തരം പരീശന്മാരും സാദൂക്യരും അടുക്കെ വന്നു ആകാശത്തു നിന്നു ഒരു അടയാളം കാണിച്ചു തരണം എന്ന് അവനെ പരീക്ഷിച്ചു ചോദിച്ചു (മത്തായി 16:1). അടയാളം ചോദിക്കുന്നത് യഹൂദന്റെ പ്രകൃതമായിരുന്നു എന്ന് പൗലോസിന്റെ എഴുത്തിൽ നിന്നും മനസ്സിലാക്കാം. (1 കൊരിന്ത്യർ 1 : 22). പരീശന്മാരും ശാസ്ത്രിമാരും സദൂക്യരും അടയാളം ചോദിച്ചത് അവിശ്വാസത്തിൽ നിന്നും ഹൃദയകാഠിന്യത്തിൽ നിന്നുമായിരുന്നു. കർത്താവ് അതിന് നൽകിയ മറുപടി: ദോഷവും വ്യഭിചാരവും ഉള്ള തലമുറ അടയാളം തിരയുന്നു; യോനാ പ്രവാചകന്റെ അടയാളം അല്ലാതെ അതിന് അടയാളം ലഭിക്കയില്ല' എന്നാണ് (മത്തായി 12: 39, 16:4).

അന്നത്തെ തലമുറയെ വിവേചിച്ചു കർത്താവ് പറഞ്ഞത്: 'ദോഷവും വ്യഭിചാരവും ഉള്ള തലമുറ' എന്നാണ്. ഇന്നത്തെ ദൈവജനത്തെ, നമ്മുടെ തലമുറയെ കർത്താവ് എങ്ങനെ കാണുന്നു? ഇത് നാം ഗൗരവമായി കാണണം. ദോഷമുള്ള തലമുറ എന്ന് പറഞ്ഞത് അവരുടെ ചിന്താഗതിയുടെ ഭോഷത്തമാണ് വെളിപ്പെടുത്തുന്നത്. അവർ വക്രഹൃദയം ഉള്ളവരും ദോഷം ചിന്തിക്കുന്നവരും ആണ്. വ്യഭിചാരം ഉള്ള തലമുറ എന്ന വിശേഷണം അവരുടെ ആത്മീയ അധ:പ്പതനത്തെ കുറിക്കുന്നു. ദൈവവുമായുള്ള ബന്ധം തണുത്തുറച്ചു പോയി. ഭർത്താവിനോട് അവിശ്വസ്തത കാണിക്കുന്ന ഒരു സ്ത്രീയെ പോലെ അവർ ദൈവത്തോട് അവിശ്വസ്തരായി തീർന്നു. 'ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോയിട്ടുണ്ടെങ്കിൽ' ഇന്നത്തെ തലമുറയും അപ്രകാരം തന്നെ അധ:പ്പതിച്ചു പോയി എന്ന് നാം മനസ്സിലാക്കണം. അങ്ങനെയുള്ളവർ കർത്താവിന്റെ മടങ്ങി വരവിന്റെ അടയാളങ്ങൾ തെരഞ്ഞു കൊണ്ടിരിക്കുകയല്ലാതെ, കർത്താവിനെ എതിരേൽക്കുവാൻ ഒരുങ്ങുകയില്ല.

യോനാ പ്രവാചകന്റെ അടയാളമാണ് കർത്താവ് ആ തലമുറയ്ക്ക് നൽകിയത്. അനുസരണക്കേടിനു യോനായ്ക്കു ലഭിച്ച ശിക്ഷയായിരുന്നു മൂന്നുദിവസം കടലാനയുടെ വയറ്റിൽ കഴിയേണ്ടിവന്നത്. ഇതുപോലെ താൻ മൂന്നുദിവസം ഭൂമിയുടെ ഉള്ളിൽ, മനുഷ്യന്റെ അനുസരണക്കേടിന്റെ ശിക്ഷ അനുഭവിക്കുന്നതിനു വേണ്ടി ഇരിക്കുമെന്ന് കർത്താവു വ്യക്തമാക്കി. യേശുവിന്റെ മരണ പുനരുത്ഥാനങ്ങൾ ആണ് യേശു ആരാണെന്നുള്ളതിനും, എന്തിനാണ് താൻ മനുഷ്യനായി ലോകത്തിൽ വന്നത് എന്നതിനുമുള്ള ഉത്തരം. യേശുവിന്റെ മരണപുനരുത്ഥാനത്തിന്റെ അർത്ഥം ഗ്രഹിക്കുന്നവർ യേശുവിനെ മശിഹാ ആയി സ്വീകരിച്ചു രക്ഷിക്കപ്പെടും. അല്ലാത്തവർ തങ്ങളുടെ രക്ഷയ്ക്കായുള്ള ദൈവികപദ്ധതിയെ തള്ളിക്കളയുന്നതിനാൽ നിത്യനാശത്തിനു ഇരയായിത്തീരും. അതിനാൽ ആത്യന്തികമായ അടയാളമാണ് യേശു അവർക്ക് നൽകിയത്.

ദൈവാലയം ശുദ്ധീകരിച്ച കർത്താവിന്റെ പ്രവർത്തിയിൽ അസന്തുഷ്ടരായ യഹൂദന്മാർ ചോദിച്ചു: നിനക്ക് ഇങ്ങനെ ചെയ്യാം എന്നതിന് നീ എന്ത് അടയാളം കാണിച്ചു തരും?' യേശു നൽകിയ മറുപടി. ഈ മന്ദിരം പൊളിപ്പിൻ; ഞാൻ മൂന്ന് ദിവസത്തിനകം അതിനെ പണിയും' (യോഹന്നാൻ 2 :19). യേശു തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചാണ് പറഞ്ഞതെന്ന പരമാർത്ഥം യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന് ശേഷം ശിഷ്യന്മാർ ഓർക്കുകയും, തിരുവെഴുത്തും, യേശു പറഞ്ഞതും, വിശ്വസിച്ചു എന്നും യോഹന്നാൻ രേഖപ്പെടുത്തുന്നു. (യോഹന്നാൻ 2 :22). യേശുവിന്റെ മരണപുനരുത്ഥാനം ആണ് ഏറ്റവും വലിയ അടയാളം എന്നത് കർത്താവു തന്നെ വ്യക്തമാക്കിയിരിക്കുന്നു.

യോനാ കടലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതു പോലെ മനുഷ്യപുത്രൻ മൂന്ന് രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്ന് പറഞ്ഞതിനാൽ, യേശുവിന്റെ ക്രൂശീകരണം ബുധനാഴ്ച ആയിരുന്നു നടന്നതെന്ന് വാദിക്കുന്നവർ ഉണ്ട്. പാരമ്പര്യമായി നാം വിശ്വസിച്ചു വരുന്നത് വെള്ളിയാഴ്ച യേശു ക്രൂശിക്കപ്പെട്ടുവെന്നാണല്ലോ.അതുകൊണ്ടാണല്ലോ ദു:ഖവെള്ളിയാഴ്ച എന്ന പ്രയോഗം ഉണ്ടായത്.

വാസ്തവത്തിൽ കർത്താവ് ഏത് ദിവസം ക്രൂശിക്കപ്പെട്ടു എന്നതിന് വലിയ പ്രസക്തിയില്ല. ക്രിസ്തുവിന്റെ മരണത്തിനും ഉയിർത്തെഴുന്നേൽപ്പിനും മാത്രമേ പ്രസക്തിയുള്ളൂ. എങ്കിലും വിശുദ്ധബൈബിളിൽ നിന്നും ലഭിക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ മരണം വെള്ളിയാഴ്ച ആയിരുന്നു എന്ന് ഉറപ്പിക്കാം.

മൂന്നു രാവും മൂന്നു പകലും എന്നത് യഹൂദന്മാരുടെ ഇടയിൽ നിലവിലുണ്ടായിരുന്ന ഒരു ആശയവിനിമയ പ്രയോഗമാണ്. മൂന്നു മുഴുരാത്രികളും മൂന്ന് മുഴുപകലുകളും എന്ന അർത്ഥം അതിനില്ല. യഹൂദന്മാരുടെ പ്രയോഗ രീതിയാണിത്. ഇതിനു സമാനമായ ഒരു പ്രയോഗം എസ്ഥേറിന്റെ പുസ്തകത്തിൽ നാം കാണുന്നു. നിങ്ങൾ മൂന്നു ദിവസം രാവും പകലും തിന്നുകയോ കുടിക്കുകയോ ചെയ്യാതെ എനിക്ക് വേണ്ടി ഉപവസിപ്പിൻ; ഞാനും എന്റെ ബാല്യക്കാരത്തികളും അങ്ങനെ തന്നെ ഉപവസിക്കും; പിന്നെ ഞാൻ നിയമപ്രകാരം അല്ലെങ്കിലും, രാജാവിന്റെ അടുക്കൽ ചെല്ലും (എസ്ഥേർ 4:.16.). എസ്ഥേർ 5 ന്റെ 1 ൽ മൂന്നാം ദിവസം എസ്ഥേർ രാജവസ്ത്രം ധരിച്ചുകൊണ്ട് പ്രകാരത്തിൽ ചെന്നു......' എന്നു നാം വായിക്കുന്നു. അതിന്റെ അർത്ഥം എസ്ഥേർ, ഉപവസിക്കുവാൻ യഹൂദന്മാർക്കു കൽപ്പന കൊടുക്കുന്ന ആ ദിവസത്തിന്റെ ബാക്കി ഭാഗവും അടുത്ത ദിവസവും ഉപവസിച്ചു. മൂന്നാം

ദിവസം രാജാവിനെ മുഖം കാണിച്ചു. അക്ഷരാർത്ഥത്തിൽ മൂന്നു രാവും മൂന്നു പകലും ആയിരുന്നില്ല. യഹൂദന്മാരുടെ ചിന്തയിൽ ഒരു ദിവസത്തിന്റെ ഏതെങ്കിലും ഒരു ഭാഗവും, രണ്ടാംദിവസവും, മൂന്നാം ദിവസത്തിന്റെ ഒരു ഭാഗവും ചേരുമ്പോൾ മൂന്നു രാവും പകലും ആയി എന്നു കണക്കാക്കുന്നു. സുവിശേഷങ്ങൾ ആ അർത്ഥത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കർത്താവ് തന്നെ പറഞ്ഞത് മറ്റൊരു സന്ദർഭത്തിൽ മത്തായി രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കുക: അന്നുമുതൽ യേശു, താൻ യെരുശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും ***മൂന്നാംനാൾ*** ഉയിർത്തെഴുന്നേൽക്കുകയും വേണ്ടത് എന്ന് ശിഷ്യന്മാരോട് പ്രസ്താവിച്ചു തുടങ്ങി' (മത്തായി 16 :21). ഇവിടെ മൂന്നാം നാൾ എന്ന പ്രയോഗം കണ്ടുവല്ലോ. മൂന്നു രാവും മൂന്നു പകലും അക്ഷരാർത്ഥത്തിൽ നാം സ്വീകരിച്ചാൽ നാലാം നാൾ ആയിരിക്കണമല്ലോ കർത്താവ് ഉയിർക്കേണ്ടത്? എന്നാൽ കർത്താവ്, താൻ ഉയിർ ത്തെഴുന്നേൽക്കുന്നത് മൂന്നാം നാൾ ആയിരിക്കും എന്ന് വ്യക്തമായി പറയുകയും, മത്തായി അത് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

യേശുവിന്റെ മരണപുനരുത്ഥാനത്തെക്കുറിച്ച് ലൂക്കോസ് നൽകുന്ന വിവരം ശ്രദ്ധിക്കുക. അത് ഇറക്കി ഒരു ശീലയിൽ പൊതിഞ്ഞു, പാറയിൽ വെട്ടിയിരുന്നതും ആരെയും ഒരിക്കലും വെച്ചിട്ടില്ലാത്തതുമായ കല്ലറയിൽ വെച്ചു. ***അന്ന് ഒരുക്കനാൾ ആയിരുന്നു, ശബ്ബത്തും ആരംഭിച്ചു.*** ഗലീലയിൽ നിന്ന് അവനോടുകൂടെ പോന്ന സ്ത്രീകളും പിന്നാലെ ചെന്നു, കല്ലറയും അവന്റെ ശരീരം വെച്ചവിധവും കണ്ടിട്ട് മടങ്ങിപ്പോയി, സുഗന്ധവർഗ്ഗവും പരിമള തൈലവും ഒരുക്കി; ***കൽപ്പന അനുസരിച്ച് ശബത്തിൽ സ്വസ്ഥമായിരുന്നു.*** അവർ ഒരുക്കിയ സുഗന്ധവർഗ്ഗം എടുത്ത് ***ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം*** അതികാലത്ത് കല്ലറയ്ക്കൽ എത്തി' (ലൂക്കോസ് 23: 53, 24:1).

മുകളിൽ ബോൾഡായി കൊടുത്തിരിക്കുന്ന പദങ്ങൾ ശ്രദ്ധിക്കുക. കർത്താവ് മരിച്ച ദിവസം ശബത്ത് ദിവസം ആയ ശനിയാഴ്ചയ്ക്കു മുൻപുള്ള ഒരുക്കനാൾ (വെള്ളിയാഴ്ച) ആയിരുന്നു. 6 മണി ആകുന്നതോടെ കൂടി ശബത്ത് ആരംഭിച്ചു. യേശു ക്രൂശിക്കപ്പെട്ടു കുറേനേരം കഴിഞ്ഞപ്പോൾ തന്നെ, തന്റെ ആത്മാവിനെ പിതാവിങ്കൽ ഭരമേല്പിച്ചു, മരിച്ചു എന്നുള്ളത് സുവിശേഷകർ രേഖപ്പെടുത്തുന്നു (ലൂക്കോസ് 23: 46). ശബത്തു ആരംഭിക്കുന്നതിനു മുമ്പു തന്നെ യേശുവിന്റെ ശരീരം ചോദിച്ചുവാങ്ങി, ജോസഫ് തന്റെ പുതിയ കല്ലറയിൽ സംസ്കരിച്ചു. ശബത്ത് ദിവസത്തിൽ യേശുവിന്റെ ക്രൂശീകരണത്തിന് സാക്ഷികളായിരുന്ന സ്ത്രീകൾ സ്വസ്ഥമായിരുന്നു.

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ, ഞായറാഴ്ച, അവർ അതിരാവിലെ കല്ലറയ്ക്കൽ എത്തി. അപ്പോൾ യേശു ഉയർത്തെഴുന്നേറ്റു കഴിഞ്ഞിരുന്നു. സ്ത്രീകളോട് സംസാരിക്കുന്ന ദൂതൻ അവരെ ഓർമ്മപ്പെടുത്തി: മുൻപേ ഗലീലയിൽ ഇരിക്കുമ്പോൾ തന്നെ....മൂന്നാം നാൾ ഉയിർത്തെഴുനേൽക്കുകയും വേണം എന്ന് പറഞ്ഞത് ഓർത്തുകൊൾവിൻ' (ലൂക്കോസ് 24: 7).

യോനാപ്രവാചകന്റെ അടയാളം നൽകിയതിനു ശേഷം കർത്താവ് പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കുമല്ലോ. യോനാ ഒരു വലിയ പ്രവാചകനായിരുന്നു. തന്റെ അനുസരണക്കേടിനു ശിക്ഷയും വാങ്ങിക്കൂട്ടി. തൽഫലമായി ഇഷ്ടമില്ലായിരുന്നു എങ്കിൽക്കൂടി, നിർബന്ധത്താൽ നിനവയിൽ പോയി പ്രസംഗിച്ചു. അത്ഭുതം, നിനവേക്കാർ എല്ലാവരും മാനസാന്തരപ്പെട്ടു. പക്ഷേ, കർത്താവ് പറയുന്നു: ഇവിടെ ഇതാ യോനായിലും വലിയവൻ' ജനം അവനെ നിസ്സാരനായി കാണുന്നു. ബേൽസബൂലിനെ കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്ന് ആക്ഷേപിക്കുന്നു. എത്ര വിചിത്രമായിരിക്കുന്നു. അതിനാൽ നിനവേക്കാർ ന്യായവിധി ദിവസത്തിൽ ആ തലമുറയെ കുറ്റം വിധിക്കും. യോനാ പ്രവാചകനിലൂടെ ദൈവവചനം കേട്ട ഞങ്ങൾ മാനസാന്തര പ്പെട്ടു. എന്നാൽ ദൈവപുത്രൻ തന്നെ നിങ്ങളോട് നേരിട്ട് സംസാരിച്ചിട്ടും എന്തുകൊണ്ട് നിങ്ങൾ മാനസാന്തരപ്പെട്ടില്ല എന്ന് അവർ ചോദിക്കും.

അതുപോലെതന്നെ, തെക്കേ രാജ്ഞിയും ഈ തലമുറയെ കുറ്റം വിധിക്കും. കാരണം ശലോമോന്റെ ജ്ഞാനം കേൾക്കുവാൻ ദൂരദേശത്തു നിന്നും ബദ്ധപ്പെട്ടു യാത്ര ചെയ്തു അവർ യെരുശലേമിൽ എത്തി. എന്നാൽ ശലോമോന് ജ്ഞാനം കൊടുത്ത സർവ്വജ്ഞാനിയായ ദൈവപുത്രന്റെ അടുക്കൽ വന്നു വചനം കേൾക്കുവാൻ ആർക്കും മനസ്സില്ല. എത്ര വിചിത്രം! ദോഷവും വ്യഭിചാരവും ഉള്ള തലമുറ തന്നെ! ●

## പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യം

എന്താണ് അർഥം? നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്ന എല്ലാ തീരുമാനങ്ങളും മരണത്തെ മുൻനിർത്തിയാണ്. ഈ ലോകത്തോടുള്ള ആസക്തി, സുഖങ്ങളോടുള്ള ഭ്രമം, മത്സര ബുദ്ധി, മറ്റൊരു ഭാഷയിൽ പറഞ്ഞാൽ എല്ലാ പാപ സ്വഭാവങ്ങളും, മരണം എന്ന യജമാനന്റെ കീഴിൽ പണി എടുക്കുന്ന ദാസന്മാർ ആണ്. നാം എന്ത് ചെയ്താലും ജീവൻ പ്രാപിക്കില്ല എന്ന അവസ്ഥ. ജഡത്തിന്റെ നിസ്സഹായാവസ്ഥ! അത് ന്യായപ്രമാണം കാണിച്ചു തന്നപ്പോൾ ആണ് നാം അടിമകൾ ആയിരുന്നു എന്ന് മനസ്സിലായത്.

എന്നാൽ കർത്താവു നമ്മെ രക്ഷിച്ചപ്പോൾ നാം ആത്മാവിന്റെയും ജീവന്റെയും പ്രമാണത്തിലേക്കു കടന്നു. എന്താണ് ഈ പ്രമാണത്തിന്റെ വ്യത്യാസം. നമ്മുടെ ജഡത്തിന്റെ ബലഹീനതയിൽ സ്വപ്രയത്നത്താൽ നീതീകരിക്കപ്പെടാൻ ശ്രമിച്ചു കൊണ്ടിരുന്നപ്പോൾ നാം മരണത്തിന്റെ അധീനതയിൽ ആയിരുന്നു. എന്നാൽ ഇപ്പോൾ ആത്മാവ് തരുന്ന ജീവൻ ആണ് എന്നെ നിയന്ത്രിക്കുന്നത്. ആത്മാവ് നമ്മെ നയിക്കുന്നത് ക്രിസ്തുവിന്റെ ജീവനിലേക്കു ആണ്. ഈ ജീവൻ ആണ് നമ്മെ നീതിയിലേക്കും ദൈവീക സ്വഭാവത്തിലേക്കും നയിക്കുന്നത്. എന്നാൽ നാം ജഡത്തെ അനുസരിച്ചു ജീവിക്കാൻ തീരുമാനിച്ചാൽ മരിക്കും നിശ്ചയം. അത് എത്ര ഉജ്ജ്വലമായ പ്രവൃത്തി ചെയ്താലും അത് ജഡത്തിന്റെ ബലഹീനത നിമിത്തം മരണത്തിൽ മാത്രമേ കലാശിക്കുകയുള്ളു.

**ജീവന്റെ ആത്മാവിന്റെ പ്രമാണത്തിലേക്കു ക്രിസ്തു നമ്മെ എങ്ങനെ ആണ് നടത്തിയത്?**

മൂന്നാം വാക്യം നമ്മോടു പറയുന്നു. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിനു നമ്മെ രക്ഷപെടുത്താൻ കഴിഞ്ഞില്ല. നമ്മിലുള്ള അരിഷ്ടത വെളിപ്പെടുത്താൻ മാത്രമേ കഴിഞ്ഞുള്ളു. അതുകൊണ്ട് കർത്താവു എന്ത് ചെയ്തു, ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു. അപ്പോൾ ദൈവം പരിഹാരം നമ്മുടെ ഉള്ളിൽ അല്ല വച്ചത്, നമ്മെ രക്ഷിക്കാൻ പുത്രനെ അയക്കുക ആണ് ചെയ്തത്. അതുകൊണ്ട് രക്ഷ ഒരിക്കലും നമ്മുടെ ഉള്ളിൽ നിന്ന് വരുന്നതല്ല. ദൈവത്താൽ ആണ് സംഭവിക്കുന്നത്. എത്ര സൽപ്രവൃത്തികൾ ചെയ്താലും നാം രക്ഷപ്പെടുകയില്ല. അതിനു രക്ഷകൻ നമ്മുടെ ജഡത്തിന്റെ അതേ സദൃശത്തിൽ നമുക്ക് പകരമായി മനുഷ്യജന്മമെടുത്തു ഇറങ്ങി വരേണ്ടതായി വന്നു. നമ്മെ രക്ഷിക്കുവാൻ നമുക്ക് സ്വയം കഴിയാത്തതു കൊണ്ട് അത് മാത്രമായിരുന്നു വഴി.

**യേശുക്രിസ്തു നമ്മെ രക്ഷിക്കാൻ വേണ്ടി എന്തിനാണ് നമ്മുടെ അതേ സാദൃശത്തിൽ വന്നത്?**

രണ്ടു കാരണങ്ങൾ ആണ് എട്ടാം അധ്യായം നമ്മോടു പറയുന്നത്:

**ഒന്ന്.** പാപം നിമിത്തം. എന്റെ ശിക്ഷ നീക്കുവാൻ വേണ്ടി! അതിനു എന്നോടുള്ള സാദൃശ്യം ആവശ്യമായിരുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ ഞാൻ മരിക്കേണ്ട സ്ഥാനം ആണ് കർത്താവു എടുത്തത്. ഞാൻ ആയിരുന്നു പാപി. ഞാൻ ആയിരുന്നു മരണയോഗ്യൻ. എന്നാൽ കർത്താവു എന്റെ സ്ഥാനം എടുത്തു, എന്റെ പകരക്കാരനായി എനിക്ക്വേണ്ടി മരിച്ചു.

**രണ്ട്.** ആത്മാവിനെ അനുസരിക്കുന്ന നീതി നമുക്ക് ലഭിക്കുവാൻ വേണ്ടി! ജഡത്തെ അനുസരിക്കുമ്പോൾ നമുക്ക് നീതി ലഭിക്കുന്നില്ല. നമ്മുടെ സ്വയനീതി മാത്രമേ ഉണ്ടാവുന്നുള്ളു. അതിൽ ദൈവനീതി നിവർത്തിക്കപ്പെടുന്നില്ല. എന്നാൽ ജഡത്തെ ക്രൂശിച്ചു ആത്മാവിൽ ജീവിക്കുമ്പോൾ ന്യായപ്രമാണം എന്ന നിഴൽ ഏതു പൊരുളിലേക്കു ആണോ വിരൽ ചൂണ്ടിയത്, ആ നീതി നമുക്ക് അവകാശം ആയി ലഭിക്കുന്നു.

ജഡത്താൽ ഉള്ള പ്രവൃത്തികൾ അഥവാ, സ്വയ നീതീകരണങ്ങൾ, കാഴ്ചയാലുള്ള പ്രായോഗിക ജീവിതത്തിൽ നിന്ന് ലഭിക്കുന്നതാണ്. ഒരു ഉദാഹരണത്തിലൂടെ സ്വയനീതി എന്താണെന്നു വ്യക്തമാക്കാം. ഒരു ലൈൻ മുഴുവൻ പൂജ്യം എഴുതിയാലും അതിന്റെ ആകെത്തുക പൂജ്യം തന്നെയാണ്. എന്നാൽ ഒന്ന് എന്ന അക്കം എഴുതിയിട്ട് വലതു ഭാഗത്തു എത്രത്തോളം പൂജ്യം എഴുതുന്നുവോ, ഓരോ പൂജ്യത്തിനും പതിന്മടങ്ങു മൂല്യം വർധിക്കുകയാണ് ചെയ്യുന്നത്. ആകയാൽ ക്രിസ്തു നമ്മുടെ ജീവിതത്തിന്റെ ഭാഗമായതിനു ശേഷം ചെയ്യുന്ന ഓരോ നീതിപ്രവൃത്തിയും അക്കത്തിന്റെ വലതുഭാഗത്തെ പൂജ്യങ്ങളാകയാൽ അതിനു വിലയേറുകയാണ്. നേരെമറിച്ചു ഇടതു ഭാഗത്താണ് പൂജ്യമെങ്കിൽ അത് ക്രിസ്തുവിനെ കൂടാതെയുള്ള നീതിപ്രവൃ

ത്തി ആകയാൽ അതിന്റെ മൂല്യം ശൂന്യമായിരിക്കും. ഓരോ സാഹചര്യത്തിലും നമ്മുടെ വിലയിരുത്തലുകൾ ആണ് ആ നീതി വ്യവസ്ഥയെ നിയന്ത്രിക്കുന്നത്. എന്നാൽ ജഡത്തെ മരിപ്പിച്ചു, അഥവാ മരണത്തിനു വിട്ടു കൊടുത്തുള്ള ജീവിതം ആണ് വിശ്വാസ ജീവിതം. അവിടെ ജഡം നിശബ്ദം ആണ്. ആത്മാവിന്റെ ഉൾക്കാഴ്ച മാത്രം ആണ് അവിടെ പ്രധാനം. ക്രിസ്തു അങ്ങനെ വിശ്വാസത്താൽ നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നു. എനിക്ക് പകരം അവന്റെ ജീവൻ, ഞാൻ വിശ്വാസത്താൽ ജീവിക്കുന്നു. ആത്മാവ് ആണ് നമുക്ക് ഈ പുതിയ ജീവൻ തരുന്നത്. വിശ്വാസത്താൽ ആണ് ആ ജീവൻ നാം ജീവിതം ആക്കി മാറ്റുന്നത്. അങ്ങനെ വിശ്വാസം എന്റെ പഴയ ജഡത്തെ കാൽവറി ക്രൂശിലെ മരണത്തിൽ പങ്കാളി ആക്കുകയും, ജഡത്തെ മരിപ്പിച്ചു ക്രിസ്തു എന്നിൽ വസിക്കുന്ന അഥവാ ആത്മാവിനാൽ ഉളവാക്കപ്പെടുന്ന ജീവനിലേക്കു നാം നടത്തപ്പെടുകയും ചെയ്യുന്നു. വളരെ ലളിതമായ ഈ തത്വം പലപ്പോഴും നമുക്കു മനസ്സിലാകാതെ പോകുന്നത് ക്രിസ്തീയ വിശ്വാസം എന്താണ് എന്നതിന്റെ ശരിയായ ഉൾക്കാഴ്ച ലഭിക്കാത്തതുകൊണ്ടാണ്.

**എന്താണ് വിശ്വാസ ജീവിതം?**

വിശ്വാസ ജീവിതം, നാം മനുഷ്യരോട് ആവശ്യങ്ങൾ പറയാതെ ദൈവത്തോട് മാത്രം പറഞ്ഞു അവനെ ആശ്രയിച്ചു ജീവിക്കുന്നത് ആണ് എന്നായിരുന്നു ഒരു കാലത്തു ഞാൻ മനസ്സിലാക്കിയിരുന്നത്. അത് തീർച്ചയായും വളരെ നല്ല കാര്യമാണ്. പക്ഷെ അത് രക്ഷാകരമായ, നീതി നൽകുന്ന വിശ്വാസം അല്ല. രക്ഷാകരമായ വിശ്വാസം നമ്മെ മുഴുവനായും മാറ്റുവാൻ ശക്തിയുള്ളതാണ്. നമ്മെ മുഴുവനായി മാറ്റുക എന്ന് പറഞ്ഞാൽ ആ മാറ്റം നമ്മുടെ സ്വഭാവത്തിൽ ആരംഭിച്ചു; ചിന്തകളെയും, വാക്കുകളെയും, പ്രവർത്തികളെയും ക്രമാനുഗതമായി, ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തോടു അനുരൂപമാക്കുന്നു. ഞാൻ ആ രക്ഷാകരമായ വിശ്വാസത്താൽ ക്രിസ്തുവിന്റെ മരണത്തോട് പങ്കാളി ആവുകയും അവന്റെ പുനരുത്ഥാനം അനുഭവിക്കുകയുംചെയ്യുന്നു. അത്കൊണ്ട് നാം ശരിക്കും രക്ഷാകരമായ വിശ്വാസത്തിൽ ജീവിക്കുന്നവർ ആണെങ്കിൽ നമുക്ക് ലഭിക്കുന്നത് നമ്മിൽ പകർത്തപ്പെട്ട ക്രിസ്തുവിന്റെ ആത്മാവിനാൽ ഉള്ള ദൈവീക ജീവൻ ആണ്. ●

≫ 17

**ഓൺലൈൻ ഗെയിം എന്ന മാരക വിപത്ത്**

യും ചെയ്യുക. കുടുംബപ്രാർത്ഥന, വചനധ്യാനം ഇവ പതിവാക്കുക. ഒന്നാം സങ്കീർത്തനത്തിൽ തന്നെ ദുഷ്ടന്മാരുടെ ഉപദേശത്താൽ സ്വാധീനിക്കപ്പെടരുതെന്നും പാപികളുടെ വഴിത്താരയിൽ നിൽക്കരുതെന്നും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്നും, പകരം തിരുവെഴുത്തുകൾ രാവും പകലും വായിച്ചു, ധ്യാനിച്ച്, സന്തോഷിക്കണം എന്നുമാണ് പ്രബോധിപ്പിച്ചിരിക്കുന്നതു. കുടുംബപ്രാർത്ഥനകളിൽ കുഞ്ഞുമനസുകളിലേയ്ക്ക് മാതാപിതാക്കൾ പകർന്നുകൊടുക്കേണ്ട ഉത്തമ ആലോചനകളാണ് തിരുവെഴുത്തുകളിൽ ഉടനീളം കാണുന്നത്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിച്ചാൽ ഉടൻ തന്നെ ഒരു വത്യാസം കണ്ടില്ലെങ്കിൽപ്പോലും ജീവിത വഴിത്താരയിൽ തക്കസമയത്തു പ്രയോജനപ്പെടും നിശ്ചയം. നിങ്ങളുടെ മക്കൾ ഇൻറർനെറ്റിനും ഓൺലൈൻ ഗെയിമിനും അടിമപ്പെട്ടു പോയിട്ടുണ്ടെങ്കിൽ, അവരോടുകൂടെ ഇരുന്ന്, അതിന്റെ തെറ്റായ വശങ്ങളെ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക. മൊബൈൽഫോണിന്റെ അനിയന്ത്രിതമായ ഉപയോഗത്തിൽ നിന്ന് എന്തുവിലകൊടുത്തും അവരെ പിന്തിരിപ്പിക്കുക. മാനസികമായ അനാരോഗ്യ പ്രവണതകൾ അവർ കാണിക്കുന്നു എങ്കിൽ നല്ല ഒരു കൗൺസലറെ കാണുകയും ഒരു കൗൺസലിംഗിലൂടെ ശരിയായ ഉൾക്കാഴ്ച നൽകി അവരെ രക്ഷപ്പെടുത്തുകയും ചെയ്യുക.

നമ്മുടെ തലമുറയുടെ ഉള്ളിൽ പിശാച് സ്വാധീനിക്കുവാൻ അനുവദിക്കാതെ അവർക്കുവേണ്ടി ഇടതടവില്ലാതെ പ്രാർത്ഥിക്കുക. ഓൺലൈൻ ആരാധനകളിൽ ആണെങ്കിലും ശ്രദ്ധമാറാതെ അതിൽ പങ്കെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. ഏതെങ്കിലും ഒരു പ്രോഗ്രാം കാണുന്ന ലാഘവത്തോടെ സഭായോഗങ്ങളിൽ പങ്കെടുക്കാതെ നേരിട്ടെന്നപോലെ ഭാഗഭാക്കാകുക. ഓൺലൈനായി നടക്കുന്ന V B S പ്രോഗ്രാമുകളും ക്ലാസ്സുകളും അവർക്ക് ലഭ്യമാക്കുക. യൂട്യൂബിൽ കുട്ടികൾക്ക് വേണ്ട നല്ല ക്ലാസ്സുകൾ കണ്ടെത്തി, അത് അവരുമായി ഒരുമിച്ചിരുന്ന് കേൾക്കുക. നമ്മുടെ തലമുറയെ ദൈവവചന കേൾവിയിലൂടെയും അനുസരണത്തിലൂടെയും, തെറ്റുകളിൽ നിന്ന് വേർതിരിച്ച് നിർത്തുവാൻ നമുക്ക് ഇടവരട്ടെ. ●

## ➧ 8 സഭയെ വാണിഭശാലയാക്കരുത്

ഒരു കാര്യം ശ്രദ്ധിക്കണം. 'സായുധ വിപ്ലവം' നടത്താൻ ഒരു ചമ്മട്ടി ഗലീലയിൽ നിന്നുണ്ടാക്കിക്കൊണ്ടു യേശു യെരൂശലേമിൽ വന്നു എന്ന് ആരും ചിന്തിക്കരുത്. "കയറുകൊണ്ട് അവൻ ഒരു ചമ്മട്ടിയുണ്ടാക്കി" (യോഹന്നാൻ 2: 15). ദൈവാലയത്തിന്റെ പ്രാകാരത്തിൽ കെട്ടിയിരുന്ന ഏതെങ്കിലും ഒരു കാളയുടെ കഴുത്തിലെ കയറഴിച്ചാവാം യേശു 'ചമ്മട്ടി'യുണ്ടാക്കിയത്. അതു റോമൻ ഭരണാധികാരികൾ മനുഷ്യനെ തല്ലാനുപയോഗിച്ച ശിക്ഷായുധമല്ല. യേശുവിന്റെ കയ്യിലെ ചമ്മട്ടി കാളകളെ ഓടിച്ചുവിടാനുള്ള ഉപകരണം മാത്രം!

എത്ര വിവേകത്തോടെയാണു യേശു ദൈവാലയത്തിന്റെ ശുദ്ധീകരണക്രിയ നടത്തുന്നത്! ആടുകളെ ദൈവാലയത്തിനു പുറത്താക്കി (വേണമെങ്കിൽ കച്ചവടക്കാർക്ക് അതിന്റെ പുറകെ പോകാം). നാണയങ്ങൾ വച്ചിരുന്ന മേശ മറിച്ചിട്ട് നാണയങ്ങൾ നിലത്തു തൂകികളഞ്ഞു. വേണമെങ്കിൽ അവർക്കതു പെറുക്കിയെടുക്കാം. പ്രാവുകളെ അവൻ പറത്തി വിട്ടില്ല. പറത്തിവിട്ടാൽ അവയെ തിരിച്ചു പിടിക്കാൻ പ്രയാസമാകും. എന്നാൽ "അതിനെ അവിടെ നിന്നു കൊണ്ടുപോകുവിൻ" എന്നു അവൻ പറഞ്ഞു. തന്നെയുമല്ല, എന്തു കൊണ്ടാണിതു താൻ ചെയ്യുന്നത് എന്നതിനു യേശു മതിയായ കാരണവും പറഞ്ഞു: എന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്കരുത്! സകല ജാതികളും യഹോവയുടെ മഹത്ത്വമറിഞ്ഞ് മനംതിരിഞ്ഞ് പ്രാർഥിക്കേണ്ടതിനാണ് ആലയം നിർമ്മിക്കപ്പെട്ടത് (യെശയ്യാവ് 56:1–7). സകല വഷളത്തരങ്ങളും കാണിച്ചിട്ട് മാനസാന്തമില്ലാതെ, ലജ്ജയില്ലാതെ ദൈവാലയത്തിൽ ആരാധിക്കുന്ന യിസ്രായേല്യരോടാണ് യഹോവ "നിങ്ങൾ ഇതിനെ കള്ളന്മാരുടെ ഗുഹ" യാക്കി എന്നു പറയുന്നത്. നിങ്ങൾ മോഷ്ടിക്കുകയും കൊലചെയ്യുകയും വ്യഭിചരിക്കുകയും... ചെയ്തിട്ട് ഈ ആലയത്തിൽ എന്റെ സന്നിധിയിൽ നിന്നുകൊണ്ടു ഞങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നത് ഈ മ്ലേച്ഛതകളൊക്കെയും ചെയ്യേണ്ടതിനോ?" (യിരെമ്യാവ് 7:8–10).

ഇന്നും ഇതുതന്നെ സംഭവിക്കുന്നു. എന്തു പാതകം ചെയ്താലും ഒരു ഉളുപ്പുമില്ലാതെ ഞായറാഴ്ച ആരാധനയ്ക്കു വന്നു പ്രാർഥിക്കാനും പാടാനും ആരാധിക്കാനും പ്രസംഗിക്കാനും തിരുവത്താഴം എടുക്കാനും കൊടുക്കാനും മടിയില്ലാത്തവർ...അധർമം എത്ര വലുതാണെങ്കിലും ആരാധിച്ചാൽ രക്ഷപ്പെട്ടു കൊള്ളുമെന്നുള്ള വികലചിന്തയിൽ ആശ്വാസം കണ്ടെത്തുന്ന വിഡ്ഢികൾ... ദൈവത്തിന്റെ തീക്ഷ്ണദൃഷ്ടിയിൽ നിന്നു ഒളിച്ചിരിക്കാൻ അവർ കണ്ടെത്തിയ ഒളിവിടങ്ങളായിരുന്നു (കള്ളന്മാരുടെ ഗുഹ–hiding place for robbers) ഇന്നത്തെ സഭകൾ!

കള്ളത്തരം കാണിച്ചിട്ട് സഭയിൽ വന്ന് മുഖം ഒളിപ്പിക്കുക മാത്രമല്ല, സഭയെത്തന്നെ കച്ചവടമാക്കുന്നതാണ് ഇന്നത്തെ പ്രശ്നം! ആഫ്രിക്കയിലെ കെനിയയിൽ 2011 ജനുവരി 30 നു ഇറങ്ങിയ 'സൺഡേ നേഷൻ' പത്രത്തിന്റെ life style എന്ന മാസികയിൽ കവർ സ്റ്റോറി കൊടുത്തിരുന്നത് സഭയെ വാണിഭമാക്കുന്ന ആധുനിക ആരാധനാ സംഘങ്ങളെക്കുറിച്ചാണ്! "മുമ്പെ അവന്റെ രാജ്യവും പണവും അന്വേഷിക്കുക (seek ye first the kingdom and its money) എന്നതായിരുന്നു തലക്കെട്ട്" എന്ന് അവർ പറയുന്നു; കൂടെ, പണക്കൊതിയന്മാരായ ആധുനികസഭകൾ ധനം സമ്പാദിക്കാൻ നടത്തുന്ന വളഞ്ഞ വഴികളെ തെളിവുസഹിതം അവർ വെളിച്ചത്തു കൊണ്ടുവന്നിരിക്കുന്നു!

ആഫ്രിക്കയിൽ മാത്രമല്ല, ഇന്ത്യയിലും അമേരിക്കയിലും ലോകമെങ്ങും ഇന്നു സഭകൾ പൊൻവാണിഭക്കാരുടെ കയ്യിലെ കളിപ്പന്തായിക്കൊണ്ടിരിക്കുന്നു. തങ്ങളുടെ ശുശ്രൂഷകൾക്കു പണം നല്കിയാൽ കിട്ടുന്ന അനുഗ്രഹങ്ങളെ വിവരിക്കുവാൻ ചൂതുകളിക്കാരനെ വെല്ലുന്ന വാചകക്കസർത്തു നടത്തുന്ന ശുശ്രൂഷക്കാരെ കാണുമ്പോൾ അതു കള്ളന്മാരുടെ ഗുഹയായിരിക്കുന്നു എന്നല്ലാതെ എന്തു പറയാൻ!

ശുശ്രൂഷ ഉപജീവനമാർഗമാക്കുന്നവരെക്കുറിച്ചു നേരത്തെതന്നെ ആക്ഷേപമുണ്ടായിരുന്നു. എന്നാൽ, ഇന്നു ശുശ്രൂഷ ഉപജീവനമാർഗം തന്നെയല്ല, ഒരു ബിസിനസ് തന്നെയാക്കി ത്തീർത്തിരിക്കുന്നു. "കഴിഞ്ഞ പ്രാവശ്യത്തെ ഉപവാസ പ്രാർഥന നഷ്ടമായിരുന്നു; ഉദ്ദേശിച്ചത്ര പണം പിരിഞ്ഞുകിട്ടിയില്ല" എന്നു പറയുന്ന സംഘാടകരെ കാണാൻ ഇന്നു ബുദ്ധിമുട്ടില്ല. "ആകെ കടമാ ബ്രദറെ... ഇനിയൊരു ക്രൂസേഡ് നടത്തിവേണം കടമാകെ വീട്ടാൻ എന്നു പറഞ്ഞ ഒരു വിദ്വാനെപ്പറ്റിയും അടുത്ത സമയത്തു കേട്ടു!

സഭ, അഭിനയിക്കുന്നവരുടെ ഒളിവിടങ്ങളായിരിക്കുന്നു. എന്നാൽ യേശു ഇവിടെ 'ആലയം വാണിഭശാലയാക്കിയിരിക്കുന്നു എന്നു പറയുമ്പോൾ കൂടുതൽ ഗരുതരമായ ഒരു പ്രതിസന്ധിയെയാണു വെളിച്ചത്തുകൊണ്ടുവരുന്നത്. ഒന്നാമതു "സർവജാതികൾക്കുമുള്ള" പ്രാർഥനാലയത്തെ യെഹൂദർ കൈയേറി കൈവശപ്പെടുത്തി സ്വന്തമാക്കി, യെഹൂദരല്ലാതെ, ഇതര ജാതികളെ ആലയത്തിനു പുറത്തുള്ള പ്രാകാരത്തിൽ മാത്രമായി ഒതുക്കി. എന്നാൽ, ഇപ്പോൾ പുരോഹിതരുടെ കച്ചവടക്കളികൾ മൂലം പുറത്തെ പ്രാകാരത്തിൽപോലും അവർക്ക് ആരാധന അസാധ്യമായിത്തീർന്നിരിക്കുന്നു. അവിടെയാണല്ലോ ഇപ്പോൾ കാളകളും പ്രാവുകളും ആടുകളും പൊൻവാണിഭക്കാരും വാണരുളുന്നത്!

ഇന്നും, വാണിജ്യവത്ക്കരിക്കപ്പെട്ട സഭ ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹം, അതു വിജാതീയരെ പ്രാർഥനാലയത്തിൽനിന്നു അകറ്റി നിർത്തുന്നുവെന്നതാണ്. ഒരു അക്രൈസ്തവനെ, വിശ്വസിച്ച് നിങ്ങളുടെ സഭായോഗത്തിനു കൊണ്ടുവരുവാനുള്ള ധൈര്യം നിങ്ങൾക്കുണ്ടോ? അന്നു സഭായോഗത്തിൽ "എന്തു ബിസിനസ്സായിരിക്കും നടക്കുന്നത്"എന്ന വേവലാതിയിലായിരിക്കും നിങ്ങൾക്ക്! ദൈവത്തെ കാണാൻ സഭയിലെത്തുന്ന അവിശ്വാസി, കാണുന്നത് സഭയുടെ 'ബിസിനസ്സ് മീറ്റിങ്''ആണെങ്കിൽ തീർന്നു! മിക്കവാറും ദൈവം അസാമാന്യകരുണ ചൊരിഞ്ഞില്ലെങ്കിൽ അതു അവന്റെ ഒടുവിലത്തെ സഭായോഗമാകും!

ഒരു ശുദ്ധീകരണം അനിവാര്യമാണ്. യേശു ചാട്ടയുമായി വരുന്നതു നിങ്ങൾ ഇനിയും നോക്കിയിരിക്കേണ്ട...കാരണം, നാമൊക്കെ ഈ ബിസിനസ്സിന്റെ ഭാഗമാണ്. ഒരു മാറ്റം ആവശ്യമായിരിക്കുന്നത് നമുക്കാണ്. ജാതികൾ സഭയിലേക്കു കയറണമെങ്കിൽ നാം ബിസിനസ്സ് ഉപേക്ഷിച്ചേ പറ്റൂ. വിജാതീയരുടെ പ്രാകാരം കാളകളുടെ മുക്കുറയിൽ മലിനമാകാതിരക്കട്ടെ. യഹോവയുടെ മഹത്ത്വം കാണാൻ എത്തുന്ന വിജാതീയൻ പ്രാകാത്തിന്റെ ശാന്തതയിൽ മനസ്സു കുളിരുന്നവനാകട്ടെ. അവനെ അവിടെയും തടഞ്ഞു നിർത്തേണ്ടതില്ല. കീറിയ തിരശീലയിലൂടെ തിരുനിവാസത്തിന്റെ ഷെക്കയ്ന അവന്റെ പാപജീവിതത്തിൽ വെളിച്ചം വിതറട്ടെ.

സഭയെ വാണിജ്യമാക്കിയ കാളക്കയറുകളെ നമുക്കു അറുത്തു വിടാം. പൊൻവാണിഭത്തിന്റെ പങ്കുപറ്റുന്ന പുരോഹിതനും കച്ചവടക്കാരനും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടുകളെ നാം കണ്ടില്ലെന്നു നടിക്കരുത്! ആലയത്തിന്റെ അരശേക്കൽ വെള്ളിക്ക് അമിതഭാരം ചുമത്തുന്നവന്റെ അശുദ്ധനാണയങ്ങളെ നമുക്കു മേശകളിൽനിന്നു തൂകിക്കളയാം... അങ്ങനെയുള്ള ലാഭം സഭയ്ക്കു വേണ്ടെന്നു പറയാനുള്ള തന്റേടം നമുക്കു അനിവാര്യമായിരിക്കുന്നു. കച്ചവടമൊഴിഞ്ഞ ആലയത്തിന്റെ വിശുദ്ധിയിൽ വിജാതീയർ കൂട്ടമായി വന്ന് ദൈവതേജസ്സിനെ ദർശിക്കട്ടെ... കച്ചവടം തകരട്ടെ... അനുതാപക്കണ്ണീർ ഉയരട്ടെ... •

## ഭൗമികമായതല്ല ദൈവീകമായതാണ് പ്രധാനം

ക്രിസ്തുവിന്റെ പരിജ്ഞാനവും മനോഭാവവും ജീവിത ശൈലിയും സ്വജീവിതത്തിലുള്ള ഒരാൾക്ക് മാത്രമേ പാപക്ഷമ നൽകുന്ന യേശുവിനെ പ്രസംഗിക്കുവാൻ കഴിയൂ. യഥാർത്ഥ ശുശ്രൂഷകർ, ബലഹീനതയിൽ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിയാൽ ജീവിക്കുന്ന അനുഭവങ്ങളിൽ നിന്നാണ്, യഥാർത്ഥ ക്രിസ്തുവിനെ അറിയുന്നതും പ്രസംഗിക്കുന്നതും. ക്രിസ്തുവിൽ ഞങ്ങൾ ബലഹീനർ ആണെങ്കിലും നിങ്ങളോടുള്ള പെരുമാറ്റത്തിൽ ദൈവത്തിന്റെ ശക്തിയാൽ അവിടുത്തോടൊപ്പം ഞങ്ങളും ജീവിക്കുന്നു. 'പൗലോസിന്റെ ശൂലം' എന്ന ബലഹീനതയിലും ദൈവത്തിന്റെ ശക്തി തന്നിലൂടെ വെളിപ്പെട്ടു. ക്രിസ്തു പൗലോസിലൂടെ സംസാരിക്കുന്നു എന്നതിന് തെളിവ് അന്വേഷിച്ചിരുന്ന വിമർശകരോടുള്ള തന്റെ പ്രതികരണം, ക്രിസ്തുവിന്റെ നിന്ദ നിമിത്തം താൻ മരണത്തിനു ഏല്പിക്കപ്പെടുന്നു എന്നതായിരുന്നു (2 കൊരിന്ത്യർ 13:3). കാഴ്ച്ചയുടെ പ്രമാണപ്രകാരം വിമർശകർ നോക്കിയപ്പോൾ, ശൂലവും ബലഹീനതയും നിമിത്തം ക്രിസ്തു വിളിച്ച അപ്പോസ്തലനല്ല എന്ന വിമർശനവും താൻ നേരിടേണ്ടി വന്നു. പരിഹാസത്തിന്റെ മധ്യത്തിലും ദൈവശക്തിയിൽ ശുശ്രൂഷ ചെയ്യുവാൻ ദൈവം പൗലോസിനെ ശക്തീകരിച്ചു. ഇവിടെ ഭൗമികമായതല്ല ദൈവീകമായതാണ് പ്രധാനം എന്ന ദൂതും നമുക്ക് ലഭിക്കുന്നു. •

# യഥാർത്ഥ സ്വാതന്ത്ര്യം

ഭാരതത്തിന്റെ 75-ാമത് സ്വാതന്ത്ര്യദിന ആഘോഷം രാജ്യസ്നേഹികളായ നമുക്ക് ഹൃദയസന്തോഷവും ആഹ്ലാദവും പകരുന്ന ദിനങ്ങളത്രെ! ഒപ്പം, ബ്രിട്ടീഷ് അടിമത്വത്തിൽ നിന്ന് നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം നേടുവാൻ ത്യാഗം സഹിച്ച മഹാന്മാരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുവാനും കഴിയുന്നു.

രാഷ്ട്രീയ സ്വാതന്ത്ര്യം നാം നേടിയെങ്കിലും തിന്മയുടെയും പാപസ്വഭാവങ്ങളുടെയും അടിമത്വത്തിൽ നിന്ന് സത്യത്തിൽ നാം സ്വാതന്ത്ര്യം പ്രാപിച്ചിട്ടുണ്ടോ? അധർമ്മവും അനീതിയും അടിക്കടി വർധിക്കുമ്പോൾ ഇന്ന് കാണുന്ന പാരതന്ത്ര്യത്തിൽ തന്നെയല്ലേ നാം? പാപത്തിൽ നിന്നും സ്വാർത്ഥതയിൽ നിന്നും അധമ ശീലങ്ങളിൽ നിന്നും നാം വിമുക്തരാകാത്തിടത്തോളം യഥാർത്ഥ സ്വാതന്ത്ര്യം നമുക്ക് ഇതുവരെ സ്വായത്തമാക്കാൻ കഴിഞ്ഞില്ല എന്നതാണ് സത്യം!

അതുകൊണ്ടു, പുത്രൻ നിങ്ങളെ സ്വാതന്ത്രരാക്കുന്നു എങ്കിൽ, യഥാർത്ഥത്തിൽ നിങ്ങൾ സ്വാതന്ത്രരാകുമെന്നുള്ള ക്രിസ്തുവചനം സർവ്വലോകത്തോടുമുള്ള സ്വാതന്ത്ര്യ വിളംബര പ്രഖ്യാപനമാണ്. യേശുക്രിസ്തുവിലൂടെ വീണ്ടും ജനിച്ചു പുതുമനുഷ്യനാകുന്ന ഒരു വ്യക്തിയാണ് സാക്ഷാൽ സ്വതന്ത്രൻ! ക്രിസ്തുവിലൂടെ ലഭിക്കുന്ന ഈ സ്വാതന്ത്ര്യത്തെക്കുറിച്ചു വിശുദ്ധ പൗലോസ് ഓർമിപ്പിക്കുന്നത് നാം മറക്കരുത്. സ്വാതന്ത്ര്യത്തിലേക്കാണ് ക്രിസ്തു നമ്മെ മോചിപ്പിച്ചിരിക്കുന്നത്, അതിൽ ഉറച്ചു നിൽക്കുക. അടിമത്വത്തിന്റെ നുകത്തിൻ കീഴിൽ വീണ്ടും അമരരുത്.

അതെ, പരിച്ഛേദന പോലുള്ള ഏതെങ്കിലും ബാഹ്യ ആചാരങ്ങൾക്കപ്പുറം യേശുക്രിസ്തുവിൽ പുതിയ സൃഷ്ടിയാകുന്ന വ്യക്തിയുടെ ദിനങ്ങൾ എന്നും സ്വാതന്ത്രത്തിന്റേതാണ്. അത് ശിക്ഷണരഹിതമായ ജീവിതത്തിനുള്ള ലൈസൻസ് അല്ല. പ്രത്യുത ക്രിസ്തു എന്ന ഒറ്റ വ്യക്തിയോടുള്ള സമ്പൂർണ്ണമായ വിധേയത്വമാണ്. സുവിശേഷത്തിന്റെ അന്ത:സത്തയായ യേശുക്രിസ്തുവിൽ, വ്യക്തിയും കുടുംബവും സമൂഹവും വിധേയപ്പെടുമ്പോൾ ലഭ്യമാകുന്ന സ്വാതന്ത്ര്യമാണ് സാക്ഷാലുള്ള സ്വാതന്ത്ര്യം. ഉവ്വ്, യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന സ്വാതന്ത്ര്യത്തിൽ വിധേയത്വവും ശിഷ്യത്വവും ഉണ്ട്!

എംസി


*Bank Account Details:*

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

*നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....*


*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*

RNI No. KERMAL/2012/46138
Date of Publishing 10.08.2021

NERVEEDHI - AUGUST 2021
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment


# ആർ.പി
## പബ്ലിക്കേഷൻസിൽനിന്നും




ക്രിസ്തീയജീവിതയാത്രയിൽ ദൈവശബ്ദം കേട്ടുവേണം മുന്നേറുവാൻ. അബ്രഹാമിനെയോ, ശമൂവേൽ ബാലനെയോ, പൗലൊസിനെയോ പോലെ ബാഹ്യകർണങ്ങളിൽ ആ ശബ്ദം കേട്ടില്ലെങ്കിലും പ്രതിസന്ധികളിൽ ദൈവസന്നിധിയിൽ മുട്ടുമടക്കുന്നവർക്കു ദൈവഹിതം തിരിച്ചറിയാൻ കഴിയും. മനുഷ്യർ നിങ്ങളെ വഴിതെറ്റിക്കാൻ അനുവദിക്കരുത്. പ്രതിസന്ധികളിൽ മാത്രമല്ല, നിരന്തരം ദൈവസമ്പർക്കം പുലർത്താൻ കഴിയുന്ന ഒരു വിശ്വാസിക്ക് വഴികളിൽ ആ സാന്നിധ്യം ബോധ്യമാകും. ഇടത്തോട്ടോ വലത്തോട്ടോ തിരിയുമ്പോൾ ആ സാന്നിധ്യം നഷ്ടമാകുന്നതു ബോധ്യമായാൽ വഴിതെറ്റിയെന്നും മനസ്സിലാക്കുക. നേർവീഥിയിലേക്കു മടങ്ങാൻ പിന്നെ താമസിക്കരുത്.

കെ.വി. രാജു (Late)

**ഇപ്പോൾ ലഭ്യമാണ്**

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam, Kerala -686019.